JESUS REDEEMS MINISTRIES

# യുവജനലോകം

നവംബർ 2023



ദ്രോഹം ചെയ്ത്  അകന്ന് പോയാലും,
ദൈവമേ എന്ന് ഉറക്കെ വിളിച്ചാൽ ഉടനെ...

# നമ്മെ ഓർക്കും

# ആമുഖം

വാത്സല്യമുള്ള യുവ ഹൃദയങ്ങൾക്ക് സ്നേഹവന്ദനങ്ങൾ,



ജോണിന്റെ പിതാവ് ഒരു കൽക്കരി ഖനിയിലാണ് ജോലി ചെയ്തിരുന്നത്. എല്ലാ ദിവസവും കൽക്കരി ഖനിയിൽ ജോലിക്ക് പോകുന്നതിന് മുമ്പ്, അവിടെയുള്ള ദേവാലയത്തിൽ പോയി പ്രാർത്ഥിക്കുമായിരുന്നു. പല നാൾ ഇത് ശ്രദ്ധിച്ചിരുന്ന ജോൺ തന്റെ മാതാവിന്റെ അടുക്കൽ ചെന്ന്, "അപ്പൻ എന്താണ് ചെയ്യുന്നത്?" എന്ന് ചോദിച്ചു. "അപ്പൻ യേശുവിനോട് പ്രാർത്ഥിക്കുകയാണ്, നീയും അങ്ങനെ പ്രാർത്ഥിച്ചാൽ കർത്താവ് നിന്നോട് കൂടെ ഇരിക്കും" എന്ന് അമ്മ പറഞ്ഞു.





വർഷങ്ങൾ പലതും കടന്നുപോയി. ജോണിന്റെ പിതാവും മാതാവും മരിച്ചുപോയി. അൽപനാളുകൾക്ക് ശേഷം തന്റെ പിതാവിനെ പോലെ ജോൺ ആ കൽക്കരി ഖനിയിൽ പോയി ജോലി ചെയ്തുകൊണ്ടിരുന്നു. എല്ലാ ദിവസവും ആ ദേവാലയത്തിൽ പോയി, "യേശുവേ ഞാൻ ജോൺ വന്നിരിക്കുന്നു!" എന്ന് ഒരു ചെറിയ പ്രാർത്ഥന പ്രാർത്ഥിക്കും. ഒരു ദിവസം കൽക്കരി ഖനിയിൽ ജോലി ചെയ്യുന്നതിനിടയിൽ ഉണ്ടായ അപകടത്തിൽ ജോൺ വളരെയധികം മുറിവേറ്റവനായി ICU-വിൽ പ്രവേശിക്കപ്പെട്ടു. ശരീരം മുഴുവനും ഗുരുതരമായി പരിക്കേറ്റതിനാൽ ശരീര ഭാഗങ്ങൾ ഒന്നും ചലിപ്പിക്കുവാൻ പോലും കഴിയാതെ കിടന്നു. ആ അവസ്ഥയിലും, "എനിക്ക് ആ ദേവാലയത്തിൽ പോകുവാൻ കഴിയുന്നില്ലല്ലോ" എന്ന് ഭാരപ്പെട്ടുകൊണ്ടിരുന്നു. ഒരു ദിവസം പെട്ടെന്ന് ICU-വിന്റെ അകത്ത് ആരോ വരുന്നതുപോലെ അയാൾക്ക് തോന്നി. അതേസമയം തന്റെ ചെവിയിൽ, "ജോൺ, ഞാൻ യേശു വന്നിരിക്കുന്നു!" എന്നിങ്ങനെ ഒരു ശബ്ദം കേട്ടു. ആ ശബ്ദം കേട്ടപ്പോൾ അവന് വളരെ സന്തോഷമുണ്ടായി. അപ്പോൾ തന്നെ കർത്താവ് അവനെ സൗഖ്യമാക്കി.



എനിക്ക് പ്രിയമുള്ള യൗവനക്കാരെ! കർത്താവ് ഒരു കാര്യവും മറക്കുകയില്ല. മനുഷ്യൻ നിങ്ങളെ മറന്നാലും, കർത്താവ് നിങ്ങളെ ഓർക്കുന്നു. എന്തെന്നാൽ, കർത്താവ് രക്തം ചൊരിഞ്ഞ് നിങ്ങളെ വീണ്ടെടുത്തതുകൊണ്ട് നിങ്ങൾ കർത്താവിന് സ്വന്തമാണ്. ആർക്കും നിങ്ങളെ കർത്താവിന്റെ കൈയിൽ നിന്നും വേർപെടുത്തുവാനോ, പറിച്ചെടുക്കുവാനോ കഴിയില്ല.

**നീ കർത്താവിന്റെ സ്വത്ത്, നീ കർത്താവിന്റെ സമ്പത്ത്!**
**നിങ്ങളെ ലോകം തരംതാഴ്ത്തി കണ്ടേക്കാം. ബന്ധങ്ങൾ നിങ്ങളെ വെറുത്തേക്കാം.**
**എന്നാൽ, നിങ്ങൾ കർത്താവിന്റെ കൈയിലെ അലങ്കാരമായ കിരീടമാണ്.**
**കർത്താവിന്റെ കരത്തിലെ രാജമുടി.**

കർത്താവിന് നിങ്ങൾ പ്രധാനപ്പെട്ടതാണ്. കർത്താവിന്റെ വേലയ്ക്ക് നിങ്ങളുടെ സമർപ്പണം ആവശ്യമാണ്! കർമ്മധീരനായി പ്രവർത്തിക്കുക!

***ക്രിസ്തുവിന്റെ വേലയിൽ***

***അവിനാഷ്***

# യിഫ്താഹ്



വേദപുസ്തക കഥാപാത്രങ്ങൾ എന്ന തലക്കെട്ടിൽ കഴിഞ്ഞ മാസങ്ങളിൽ ഒത്നീയേൽ, ഏഹൂദ്, ശംഗർ, ദെബോറ, ഗിദെയോൻ തുടങ്ങിയ ന്യായാധിപന്മാരെ കുറിച്ച് നിങ്ങൾ വായിച്ചറിഞ്ഞിരിക്കുന്നു. ഈ മാസം നാം വീക്ഷിക്കുന്ന ന്യായാധിപതിയുടെ പേര് യിഫ്താഹ് എന്നാകുന്നു. ന്യായാധിപന്മാർ 11,12 അദ്ധ്യായങ്ങളിൽ ഇദ്ദേഹത്തെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

## ആമുഖം

- യിഫ്താഹ് എന്നതിന് അവൻ തുറക്കും എന്നർത്ഥം. ഇദ്ദേഹം ഗിലെയാദിന് ഒരു പരസ്ത്രീയിൽ നിന്ന് ജനിച്ച മകനാകുന്നു.
- ഇദ്ദേഹം ഇസ്രായേലിന്റെ ഏഴാമത് ന്യായാധിപതിയായി ആറ് വർഷം ന്യായപാലനം ചെയ്തു.
- മാതാവ് വ്യഭിചാരിണി ആയതുകൊണ്ട് ഇദ്ദേഹത്തിന് പാരമ്പര്യ സ്വത്തിൽ അവകാശം കിട്ടില്ല എന്നു പറഞ്ഞ് സഹോദരന്മാരാൽ വീട്ടിൽ നിന്ന് പുറത്താക്കപ്പെട്ടു. (ന്യായാ. 11:1-2)
- ആകയാൽ ഇദ്ദേഹം തോബ് ദേശത്തിൽ കുടിയേറി പാർത്തു. ഇദ്ദേഹത്തിന് ഒരേ ഒരു മകൾ ഉണ്ടായിരുന്നു.
- എന്നാൽ യിഫ്താഹ് പരാക്രമശാലിയും, യുദ്ധതന്ത്രങ്ങൾ അറിയുന്ന യുദ്ധവീരനുമാണെന്ന് കണ്ടിട്ട്, ഇദ്ദേഹത്തിന്റെ കുടുംബക്കാർ തിരിച്ചുവന്ന് അമ്മോന്യരോട് യുദ്ധം ചെയ്യേണ്ടതിനാൽ തങ്ങളുടെ സൈന്യത്തെ നയിക്കുവാൻ അപേക്ഷിച്ചു.

### ശ്രേഷ്ഠ ഗുണങ്ങൾ

യിഫ്താഹ് തന്റെ സകല കാര്യങ്ങളും യഹോവയുടെ സന്നിധിയിൽ പറയുന്ന വ്യക്തിയായിരുന്നു. (ന്യായാ. 11:11)

തന്റെ വാക്ക് നിവർത്തിക്കുന്ന മനുഷ്യനായിരുന്നു. അവൻ ദൈവത്തോട് ചെയ്ത നേർച്ച നിമിത്തം തന്റെ ഏക മകളെ കന്യകയായി ജീവിക്കേണ്ടതിന് കർത്താവിനായി സമർപ്പിച്ചു. (ന്യായാ. 11:30-39)

യുദ്ധം തടയേണ്ടതിന്, അമ്മോന്യ രാജാവിന്റെ അടുക്കൽ ദൂതന്മാരെ അയച്ച് സമാധാനം ഉണ്ടാക്കുവാൻ പരിശ്രമിച്ചു. (ന്യായാ.11:14-27)

വിശ്വാസവീരന്മാരുടെ പട്ടികയിൽ തന്റെ പേര് രേഖപ്പെടുത്തിയിട്ടുണ്ട്. (എബ്രായർ 11:32)

ദൈവത്തിന്റെ ആത്മാവിനാൽ നടത്തപ്പെടുവാൻ തന്നെ തന്നെ സമർപ്പിച്ചു. (ന്യായാ.11:29)

ശിംശോനെ പോലെ, യിഫ്താഹ് ദൈവത്തിന്റെ ശക്തിയുള്ള ആയുധമായിരുന്നു.

യിഫ്താഹിന്റെ ശ്രേഷ്ഠതയും തനിക്ക് ലഭിച്ച ജയങ്ങളും, ശൗലിന്റെ ഭരണകാലഘട്ടം വരെ അനേക വർഷങ്ങൾ അമ്മോന്യരുടെ യുദ്ധ നീക്കങ്ങളെ തടഞ്ഞുനിർത്തി.



## ബലഹീനത

യിഫ്താഹ് അനന്തരഫലങ്ങളെ കുറിച്ച് ചിന്തിക്കാതെ ചെയ്ത നേർച്ച അവനെ മാത്രമല്ല, അവന്റെ കുടുംബത്തെയും ദുഃഖത്തിന്റെ ആഴത്തിലേക്ക് കൊണ്ടുപോയി. അതുകൊണ്ട് തന്റെ മകൾ ജീവിതകാലം മുഴുവനും പുരുഷനെ അറിയാതിരുന്നു. (ന്യായാ.11:30-39) അവന് തലമുറ ഇല്ലാതെ പോയി.

# തല ഉയർത്തും



ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു, ക്രിസ്തീയ പാരമ്പര്യത്തിൽ വളർത്തപ്പെട്ടെങ്കിലും കൗമാര പ്രായത്തിൽ ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടുപോയതുകൊണ്ട് സ്കൂളിലും, സമൂഹത്തിലും അവഗണിക്കപ്പെട്ട് ഏകാന്തത അനുഭവിച്ചപ്പോൾ, ഒരു ദൈവവേലക്കാരനിലൂടെ ദൈവം ഇടപെട്ട് ഇന്ന് എല്ലാ പാപ ശീലങ്ങളിൽ നിന്നും വിടുതൽ പ്രാപിച്ച് കർത്താവിനായി തീഷ്ണതയോടെ ജീവിക്കുന്ന യൗവനക്കാരന്റെ ജീവിതത്തിൽ ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് അദ്ദേഹത്തോട് ചോദിച്ച് മനസ്സിലാക്കാമോ?

**നിങ്ങളുടെ ചെറുപ്പകാലത്തെക്കുറിച്ച് പറയാമോ?**

എന്റെ പേര് റോഷൻ. ഞാൻ വേലൂരിൽ ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ച് വളർത്തപ്പെട്ടു. എന്റെ പിതാവ് CMC യിൽ അറ്റന്ററായി ജോലി ചെയ്ത് വരുന്നു. എന്റെ അമ്മ വീട്ടമ്മയാണ്. എനിക്ക് ഒരു അനുജനുണ്ട്. അവൻ BA ഒന്നാം വർഷം പഠിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതുകൊണ്ട് മാതാപിതാക്കളുടെ നിർബന്ധം നിമിത്തം ആലയത്തിൽ പതിവായി പോകുമെന്നല്ലാതെ, ക്രിസ്തുവിനെക്കുറിച്ചുള്ള അറിവൊന്നുമില്ല. സഭയിൽ പോയാലും ആരാധന അവസാനിക്കുന്നതുവരെ ഇരിക്കാതെ, പാതിയിൽ തന്നെ എഴുന്നേറ്റ് വരും. ഇങ്ങനെയായിരുന്നു എന്റെ ചെറുപ്പ കാലം.

**ശരി ..... താങ്കളുടെ സ്കൂൾ വിദ്യാഭ്യാസം മറ്റ് യൗവന പ്രായത്തെക്കുറിച്ച് പറയാമോ?**

ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ ചില സ്നേഹിതന്മാരോടൊപ്പം ചേർന്ന് പലവിധത്തിലുള്ള തെറ്റായ ശീലങ്ങൾ തുടങ്ങി. ഇത് കാരണം എന്റെ മാതാപിതാക്കൾക്ക് വളരെ അപമാനം ഉണ്ടായി. ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങൾക്ക് അടിമയായി. പതിനൊന്നാം ക്ലാസിൽ പഠിക്കുമ്പോൾ ഒരു പടി മുകളിൽ കഞ്ചാവ് പോലുള്ള ലഹരികൾക്ക് അടിമയായി. കഞ്ചാവ് ഉപയോഗിക്കുമ്പോൾ മാത്രമാണ് സന്തോഷമായി തോന്നുന്നത്. ഇതുതന്നെയാണ് ലോകം എന്നത് പോലുള്ള ഒരു ചിന്ത ഉണ്ടായിരുന്നു. ഒരു ദിവസം ഞാൻ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് എന്റെ മാതാപിതാക്കൾ അറിയുവാനിടയായി. എനിക്കും അവർക്കുമിടയിൽ കടുത്ത വാഗ്വാദം ഉണ്ടായി. ഞാൻ എന്റെ മാതാവിനെ അടിച്ചു. അത് വലിയ പ്രശ്നമായി മാറി. കൂടെക്കൂടെ ഇത് നിമിത്തം വീട്ടിൽ പ്രശ്നങ്ങളുടെ മേൽ പ്രശ്നം ഉണ്ടാകുവാൻ തുടങ്ങി.

**ഓക്കെ ... നിരന്തരം പ്രശ്നങ്ങളുണ്ടായി ... താങ്കൾ സ്കൂളിൽ കൃത്യമായി പോയി പഠിച്ചുവോ?**

പറയാം ... എന്നെ സ്കൂളിൽ നിന്ന് പുറത്താക്കി. എന്റെ മാതാപിതാക്കളും എന്നെ സ്കൂളിലേക്ക് അയക്കുവാൻ ഇഷ്ടപ്പെട്ടില്ല. എന്റെ രക്ഷകർത്താക്കൾ എന്നെ ആരോടും സംസാരിക്കാനോ, കൂട്ട് കൂടാനോ അനുവദിക്കാതെ വീട്ടിൽ തന്നെ നിർത്തിയിരുന്നു. ഇവിടെ തന്നെ ആയിരുന്നാൽ സ്നേഹിതന്മാരോട് ചേരുകയും ഒരിക്കലും നന്നാവുകയും ചെയ്യില്ല എന്ന് ചിന്തിച്ച് കർണാടകയിൽ ഹോസ്റ്റലുള്ള ഒരു കോളേജിൽ മൂന്ന് വർഷം ഡിപ്ലോമ കോഴ്സ് പഠിക്കുവാൻ എന്നെ അയച്ചു.

**സൂപ്പർ ... കോളേജ് പഠനം തുടർന്നതിനാൽ ... നിങ്ങളുടെ ദുശ്ശീലങ്ങൾ മാറിയിരിക്കും. അങ്ങനെയല്ലേ!**

ഇല്ല ... കോളേജിൽ ചേർന്ന ആദ്യ ദിവസം തന്നെ ലഹരിക്ക് അടിമയായിരുന്ന ഒരുവനെ എനിക്ക് സുഹൃത്തായി ലഭിച്ചു. എനിക്ക് വളരെ സന്തോഷമായി. അതിനായിട്ടാണ് ഞാൻ കോളേജിൽ തന്നെ പോയത്. അവിടെയും എന്റെ ദുശ്ശീലങ്ങൾ വർദ്ധിച്ചുകൊണ്ടിരുന്നു. ഒരു ദിവസം ഞാൻ ലഹരിവസ്തു ഉപയോഗിക്കുന്നതിനിടയിൽ ഒരു വീഡിയോ കണ്ടുകൊണ്ടിരുന്നപ്പോൾ സ്നേഹിതന്മാരായ ഞങ്ങൾക്കിടയിൽ വഴക്കുണ്ടായി, ഞങ്ങൾ പരസ്പരം അടിച്ചു. ഇത് കോളേജിൽ അറിഞ്ഞ് എന്നെ കോളേജിൽ നിന്ന് സസ്പെന്റ് ചെയ്ത് വീട്ടിലേക്കയച്ചു.

**അയ്യോ ... വീണ്ടും പുറത്താക്കിയോ? അതിനുശേഷം നിങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായോ?**

ഞാൻ കോളേജിൽ നിന്ന് പുറത്താക്കപ്പെട്ട് വീട്ടിലേക്ക് വരുന്നത് കണ്ട് എന്റെ അമ്മ വളരെയധികം കരഞ്ഞു. ഇവിടെ നിന്നാൽ ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യും, അവിടെ പോയാൽ മാറ്റമുണ്ടാകും എന്ന് വിചാരിച്ച് അയച്ചപ്പോൾ അവിടെയും അത് തന്നെ ചെയ്യുന്നല്ലോ എന്ന് പറഞ്ഞ് വളരെയധികം കരയുവാൻ തുടങ്ങി. അമ്മ കരയുമ്പോൾ എനിക്ക് വളരെ വിഷമമുണ്ടാകും. ഒരു ദിവസം വീട്ടിൽ തനിച്ചായിരുന്നപ്പോൾ, "ഞാൻ എന്താണിങ്ങനെ? ഇത് നിമിത്തം പ്രശ്നങ്ങളുടെ മേൽ പ്രശ്നമുണ്ടാകുന്നല്ലോ?" എന്നിങ്ങനെ എന്റെ ഉള്ളിൽ ചിന്ത വരുവാൻ തുടങ്ങി. ആ സാഹചര്യത്തിൽ എന്റെ മാതാവ് എല്ലാ ദിവസവും എന്നെ പ്രാർത്ഥിപ്പിക്കും. അപ്പോഴാണ് 'വരുവിൻ പ്രാർത്ഥിക്കാം' പരിപാടി ആരംഭിച്ച് നടന്നുകൊണ്ടിരുന്നത്. ഞങ്ങൾ അത് കുടുംബമായി കാണുമായിരുന്നു. ഒരു ദിവസം



മോഹൻ അങ്കിൾ "നിങ്ങൾ ഒരു കഷ്ടത്തിൽ ആയിരിക്കുന്നു, നിങ്ങളുടെ ഹൃദയം തകർന്നിരിക്കുന്നു" എന്ന് പറഞ്ഞു. അപ്പോൾ ഞാൻ പരിപാടിയും കണ്ട് ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ സമയത്ത് ദൈവസാന്നിധ്യം എന്നിലേക്ക് ഇറങ്ങിവരുന്നതായി എനിക്ക് അനുഭവപ്പെട്ടു. എന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകി. അടക്കുവാൻ കഴിയാത്ത രീതിയിൽ 15 മിനിറ്റോളം ഞാൻ കരഞ്ഞുകൊണ്ടേയിരുന്നു. ഉടനെ എന്റെ മാതാവ് "കർത്താവ് നിന്നോട് കൂടെ ഉണ്ട്, കർത്താവ് നിന്നെ തൊടുന്നു. ഈ ദുശ്ശീലത്തിൽ നിന്ന് നീ വിടുതൽ പ്രാപിക്കും നിന്നെ കോളേജിൽ നിന്ന് വേഗത്തിൽ തിരിച്ചുവിളിക്കും" എന്ന് പറഞ്ഞു.

**Wow ... യേശു നിങ്ങളെ തൊട്ടു, അതിനുശേഷം നിങ്ങൾ കോളേജിൽ പോയോ?**

ഞാൻ 'വരുവിൻ പ്രാർത്ഥിക്കാം' എന്ന പരിപാടി തുടർച്ചയായി





കണ്ടുകൊണ്ടിരുന്നു. ലോക്ക്ഡൗണിൽ കുറച്ച് ഇളവ് വന്നുതുടങ്ങിയപ്പോൾ കോളേജിൽ നിന്ന് ഫോൺ വിളിച്ചു. മൂന്നാം വർഷം പഠിച്ചുകൊണ്ടിരുന്നപ്പോൾ ഇയാളെ സസ്പെൻഡ് ചെയ്തു. പഠനം തുടരണമെങ്കിൽ 20,000 രൂപ പിഴയടച്ച് പഠനം തുടരാം. അല്ലെങ്കിൽ ടിസി വാങ്ങി പോകുവിൻ എന്ന് പറഞ്ഞു. 20,000 രൂപ പിഴ അടച്ച് ഞാൻ തുടർന്ന് പഠിക്കാൻ തുടങ്ങി. ദൈവത്തിന്റെ കൃപയാൽ മൂന്ന് വർഷത്തെ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കി. അതിനുശേഷം കുറച്ച് ദിവസം X Ray ടെക്നീഷ്യനായി ജോലി ചെയ്തു.

**വളരെ നല്ലത് ... തുടർന്ന് പഠിച്ചു... അതിനുശേഷം നിങ്ങൾക്ക് ലഹരിവസ്തുക്കളോട് താൽപര്യമുണ്ടായോ?**

ഇല്ല ... അതിനുശേഷം ഇന്നുവരെ എനിക്ക് ലഹരി വസ്തുക്കളോടോ, സിഗരറ്റിനോടോ താല്പര്യമുണ്ടായിട്ടില്ല. ദൈവം എന്നെ പൂർണ്ണമായും വിടുവിച്ചു. യേശുവിനെ സ്വീകരിച്ച ശേഷം ഞാൻ കൂടുതൽ പ്രാർത്ഥിക്കുവാൻ തുടങ്ങി. വീണ്ടും ഞാൻ വെല്ലൂരിലേക്ക് പോയി. ഞാൻ അപമാനിതനായി തലകുനിഞ്ഞ് പുറത്തുപോയ ആ സ്ഥാനത്തേക്ക് വീണ്ടും വരുവാൻ കർത്താവ് കൃപ ചെയ്തു, പ്രാർത്ഥിക്കുന്ന നല്ല കൂട്ടായ്മ നൽകുകയും ഞാൻ ലജ്ജിച്ച് പോയ സ്ഥാനത്ത് എന്റെ തല ഉയർത്തുകയും ചെയ്തു.

**അടിപൊളി... തല കുനിഞ്ഞുപോയ അതേ സ്ഥാനത്ത്, തല ഉയർത്തിയ ദൈവത്തിനായി നിങ്ങൾ എന്താണ് ചെയ്തത്?**

ഞങ്ങൾ കുറച്ച് യൗവനക്കാർ ഒരുമിച്ച് സുവിശേഷം അറിയിക്കുവാൻ തുടങ്ങി. ഞാൻ X Ray ടെക്നീഷ്യനായി ജോലി ചെയ്തപ്പോൾ ചികിത്സയ്ക്കായി വരുന്നവരോട് യേശുവിനെ കുറിച്ച് പറഞ്ഞ് ലഘുലേഖകൾ നൽകുകയും ചെയ്തു. പഴയതെല്ലാം കഴിഞ്ഞുപോയി, എല്ലാം പുതിയതാക്കി തീർത്തിരിക്കുന്നു എന്ന വചനം പോലെ കർത്താവ് എന്നെ ഒരു പുതിയ ജീവിതത്തിലേക്ക് നയിച്ചു. തുടർന്ന് കർത്താവിന്റെ വേല എരിവോടെ ചെയ്യുവാൻ എന്നെ ഉപയോഗിച്ചുവരുന്നു. എനിക്ക് അവസരം ലഭിക്കുന്ന എല്ലാ സ്ഥലങ്ങളിലും ഞാൻ സുവിശേഷം അറിയിച്ചു വരുന്നു. ഇപ്പോൾ ഞാൻ ഒരു ചെറിയ ജോലി ചെയ്തുകൊണ്ട് കർത്താവിന്റെ ശുശ്രൂഷ ചെയ്തുവരുന്നു.

**താങ്കളെപ്പോലെയുള്ള യൗവനക്കാരോട് എന്താണ് പറയുവാൻ ആഗ്രഹിക്കുന്നത്?**

ഈ നാളുകളിൽ അനേകം യൗവനക്കാർ ലൗകിക കാര്യങ്ങളിലും, വ്യർത്ഥമായ പ്രവർത്തികളിലും ഇടപെട്ട് തങ്ങളുടെ ജീവിതം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ക്രിസ്തുവിനെക്കുറിച്ചുള്ള അറിവിൽ നാം വളരുമ്പോൾ, ക്രിസ്തു എല്ലാ പാപങ്ങളിൽ നിന്നും നമ്മെ വിടുവിച്ച് ദൈവത്തിന്റെ സകല സത്യത്തിലും നിത്യജീവനിലേക്കും നയിക്കും. യൗവനപ്രായം ഏറ്റവും പ്രധാനപ്പെട്ട ഒരു കാലഘട്ടമാണ്. ആ കാലഘട്ടത്തിൽ തോറ്റുപോയാൽ അത് തിരിച്ചു പിടിക്കുക എന്നത് വളരെ പ്രയാസമാണ്. യൗവനത്തിൽ നിങ്ങൾ ക്രിസ്തുവിനെ അറിഞ്ഞ്, ക്രിസ്തുവിന്റെ വചനപ്രകാരം പ്രവർത്തിക്കുകയും ചെയ്യുമ്പോൾ കർത്താവ് നിങ്ങളെ വിശുദ്ധീകരിച്ച് സകലവിധ അനുഗ്രഹങ്ങളാലും നിറയ്ക്കും. യൗവനത്തിൽ നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക എന്ന് തിരുവെഴുത്ത് പറയുന്നു. യൗവനപ്രായത്തിൽ കർത്താവിനെ അന്വേഷിക്കുവിൻ! നിങ്ങൾ കർത്താവിനോട് ചേർന്ന് എന്നേക്കും ആനന്ദത്തോടെ ഇരിക്കും.

**പ്രിയപ്പെട്ട യൗവനക്കാരെ!
നിങ്ങൾ ഏത് പാപശീലങ്ങൾ
ക്ക് അടിമപ്പെട്ടിരുന്നാലും,
യേശുക്രിസ്തു അവ
എല്ലാറ്റിൽ നിന്നും വിടുവിച്ച്
റോഷനെ പോലെ
നിങ്ങളെയും അനേകർക്ക്
സാക്ഷിയാക്കി നിർത്തുവാൻ
ഇടയാക്കും.**



# പോരാട്ടം തുടരുകയാണെങ്കിൽ...
# ജയം നിശ്ചയം!






യുവജേതാക്കൾക്ക് എന്റെ സ്നേഹവന്ദനങ്ങൾ. ജീവിതയാത്ര എന്നത് എല്ലാവർക്കും വിലമതിക്കുവാൻ ആകാത്ത യാത്രയാകുന്നു. ഈ ജീവിതയാത്രയിൽ തുടരുന്ന എല്ലാവരും ജയാളികളാകുന്നില്ല. എത്ര പരാജയങ്ങൾ വന്നാലും, ദൗർഭാഗ്യങ്ങൾ വന്നാലും അവയെ ജയത്തിന്റെ പടികളാക്കി മാറ്റുന്നവരാൽ മാത്രമേ ജേതാവായി മാറുവാൻ കഴിയുകയുള്ളൂ. അങ്ങനെ ജേതാവായി നിലനിൽക്കുന്ന ഒരു വ്യക്തിയുടെ ജീവിതയാത്ര നിങ്ങൾക്കായി.

ധീപ് കൽറ തന്റെ ചെറുപ്പത്തിൽ പഠനത്തിൽ അതിയായ ശ്രദ്ധ ചെലുത്തി തന്റെ കോളേജ് പഠനം പൂർത്തിയാക്കിയശേഷം നല്ല ശമ്പളം ലഭിക്കുന്ന ബാങ്കിംഗ് മേഖലയിൽ ജോലിയിൽ പ്രവേശിച്ചു. കൈ നിറയെ ശമ്പളം വാങ്ങി ഉത്സാഹത്തോടെ മൂന്ന് വർഷം കടന്നുപോയി. പിന്നീട് ബാങ്ക് ജോലി തനിക്ക് അനുയോജ്യമല്ല എന്ന് തിരിച്ചറിഞ്ഞു, മനസ്സിന് ഇഷ്ടപ്പെട്ട, വെല്ലുവിളികൾ നിറഞ്ഞ ജോലി ചെയ്യണമെന്ന് തീരുമാനിച്ചു.

ബാങ്ക് ജോലി ഉപേക്ഷിച്ചിട്ട് ഒന്നാമത് ഒരു അമേരിക്കൻ കമ്പനിയിൽ ജോലിക്ക് ചേർന്നു. ചില നാളുകൾക്ക് ശേഷം അതും തനിക്ക് അനുയോജ്യമായതല്ല എന്ന് തീരുമാനിച്ചു. ആ ജോലിയിൽ നിന്നും പുറത്തേക്ക് പോയി. അതിനുശേഷം തന്റെ അടുത്ത ലക്ഷ്യമായ അമേരിക്കൻ സ്ഥാപനമായ ജി ഇ ക്യാപിറ്റലിൽ ജോലിക്ക് പ്രവേശിച്ചു. ഈ ജോലിയിൽ ഇന്റർനെറ്റ് അല്ലെങ്കിൽ ഓൺലൈൻ ആകുന്നു ഇനി വലിയ വിപ്ലവം സൃഷ്ടിക്കുവാൻ പോകുന്നത് എന്ന് ധീപ് കൽറ മനസ്സിലാക്കി. അങ്ങനെ അയാൾ തന്റെ ബിസിനസ്സും, ഓൺലൈൻ അടിസ്ഥാനമാക്കി പ്രവർത്തിച്ചാൽ അത് വലിയ മാറ്റം തന്റെ ജീവിതത്തിൽ കൊണ്ടുവരുമെന്ന് തിരിച്ചറിഞ്ഞ് ജി ഇ ക്യാപിറ്റൽ എന്ന സ്ഥാപനത്തിൽ നിന്നും പുറത്തുവന്നു. പൂർണ്ണമായും സ്വയം തൊഴിൽ ചെയ്യുവാനായി തീരുമാനിച്ചു.

എന്ത് തൊഴിലാണ് തുടങ്ങേണ്ടതെന്ന് ധീപ് എല്ലാ മേഖലകളിലും ആരാഞ്ഞു കൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ശ്രദ്ധ വിനോദസഞ്ചാര മേഖലയിലേക്ക് എത്തി. ഇന്ത്യക്കാർ അവരുടെ ടിക്കറ്റ് എടുക്കേണ്ടതിന് ടിക്കറ്റ് കൗണ്ടറുകളിൽ മണിക്കൂറുകൾ കാത്തിരിക്കുന്നത് ശ്രദ്ധിച്ച ധീപ് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കി ആളുകളുടെ കഷ്ടത നിറഞ്ഞ യാത്രയെ ലഘുവാക്കി മാറ്റുന്ന തരത്തിൽ ഒരു വെബ്സൈറ്റ് തുടങ്ങുവാൻ തീരുമാനിച്ചു. ഒരു സ്ഥാപനത്തിന്റെ ധനസഹായത്തോടു കൂടെ തന്റെ സ്നേഹിതന്മാരെ കൂട്ടിച്ചേർത്ത് ഒരു വെബ്സൈറ്റ് ആരംഭിച്ചു. തന്റെ വെബ്സൈറ്റിന് **MakeMyTrip** എന്ന് പേരിട്ടു.

ആദ്യ രണ്ട് വർഷങ്ങൾ വലിയ ലാഭം ഒന്നും ഉണ്ടായില്ല. വീണ്ടും ധനം നിക്ഷേപം ചെയ്യുവാൻ ആരും മുന്നോട്ടുവന്നില്ല. സ്ഥാപനത്തിന്റെ അവസ്ഥ വളരെ മോശമായ സാഹചര്യത്തിൽ പോയിക്കൊണ്ടിരുന്നു. എന്നാൽ ധീപ് അശ്രാന്ത പരിശ്രമത്തോടെ നിരന്തരമായി പോരാടി ഒരു ക്രമമായ അവസ്ഥയിലേക്ക് സ്ഥാപനത്തെ എത്തിച്ചു. നാളുകൾ കടന്നുപോയപ്പോൾ, തന്റെ സ്ഥാപനം പരാജയങ്ങൾ മറന്നുകൊണ്ട് അതിവേഗം മുന്നോട്ടുപോകുവാൻ തുടങ്ങി. ചില വർഷത്തിനുള്ളിൽ രണ്ടു ലക്ഷത്തിലധികം ഉപഭോക്താക്കളെ നേടി, വളരെ വലിയ വരുമാനം ലഭിക്കുവാൻ തുടങ്ങി. യാത്ര ചെയ്യുന്ന എല്ലാവർക്കും ഒരു സ്നേഹിതനായി ആ വെബ്സൈറ്റ് മാറി. വർഷങ്ങൾ കടന്നുപോകുന്തോറും ധീപിന്റെ വളർച്ച വർദ്ധിച്ചുകൊണ്ടേയിരുന്നു. ഇന്ന് വളരെ ഉയർന്ന നിലയിൽ എത്തി വിജയത്തിന്റെ പാതയിൽ തുടർച്ചയായി യാത്ര ചെയ്തുകൊണ്ടിരിക്കുന്നു.

സ്നേഹമുള്ള യൗവനക്കാരെ, നമ്മുടെ ലക്ഷ്യം എപ്പോഴും മുന്നോട്ടുള്ള പാതയിൽ തന്നെ ആയിരിക്കണം. ഏത് വിധത്തിലുള്ള പോരാട്ടം ആയിരുന്നാലും നമ്മുടെ ലക്ഷ്യം വിട്ട് മാറുവാൻ പാടില്ല. തുടർച്ചയായി പോരാടികൊണ്ട് യാത്ര ചെയ്താൽ നിങ്ങളുടെ ജീവിതവും അനേകർക്ക് ജയത്തിന്റെ വഴികാട്ടിയായി മാറും.

# ഇടർച്ച എന്തിന്?

Heart Beat

എനിക്ക് 17 വയസ്സാകുന്നു. ഞാൻ പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്നു. ഞങ്ങളുടെ വീട്ടിൽ ഭക്തിക്ക് യാതൊരു കുറവുമില്ലായിരുന്നു. എപ്പോഴും പ്രാർത്ഥനയും വേദപുസ്തക വായനയും നടന്നുകൊണ്ടിരിക്കും. കർത്താവിനുവേണ്ടി തീക്ഷ്ണതയോടെ ജീവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ ചില സമയങ്ങളിൽ മൊബൈൽ കാണുന്നത്, വീഡിയോ ഗെയിം കളിക്കുന്നത് തുടങ്ങിയ കാര്യങ്ങളിൽ ഞാൻ സമയം വെറുതെ കളയുന്നു. ഒരിക്കൽ എന്റെ സ്നേഹിതൻ അവന്റെ മൊബൈലിൽ ചില വീഡിയോ ദൃശ്യങ്ങൾ എനിക്ക് കാണിച്ചുതന്നു. അത് മോശവും അശ്ലീലവുമായ ചിത്രങ്ങളായതിനാൽ ഞാൻ അത് കാണുവാൻ താൽപര്യം പ്രകടമാക്കിയില്ല. എന്നാൽ അതിനുശേഷം ഞാൻ തനിച്ചിരിക്കുമ്പോൾ ആ മോശമായ ദൃശ്യങ്ങൾ എന്റെ മനസ്സിലേക്ക് വന്ന് വീണ്ടും കാണണം എന്നുള്ള ചിന്തയും ജിജ്ഞാസയും ഉണ്ടായികൊണ്ടിരുന്നു.

വിശുദ്ധിയോടെ ജീവിക്കണം എന്ന ആഗ്രഹം ഉണ്ടായിരുന്നിട്ടും, ഇത്തരം കാര്യങ്ങൾ എന്റെ ചിന്തയെ സ്വാധീനിക്കുകയും അറിയാതെ ഞാൻ ഇടറുകയും ചെയ്തു. കഴിഞ്ഞ മൂന്ന് മാസമായി തെറ്റായ സിനിമകൾ കാണാൻ തുടങ്ങിയ എനിക്ക് അത് ഉപേക്ഷിക്കുവാൻ മനസ്സ് വരുന്നില്ല. ഒരു വശത്ത്, "നീ ചെയ്യുന്നത് പാപമാണ്, അത് തെറ്റാണ്" എന്ന് ആരോ എന്റെ ചെവിയിലും, ഹൃദയത്തിലും പറയുന്നതുപോലെ തോന്നുന്നു. മറുവശത്ത്, നീ പാപിയാണ്, ഒരു തെറ്റായ യൗവനക്കാരൻ എന്നുള്ള കുറ്റബോധവും എന്നെ ബാധിക്കുന്നു. ചിലപ്പോൾ ഇത് കാണുവാൻ പാടില്ല, തെറ്റാണ് എന്ന് തോന്നും . എങ്കിലും ഞാൻ അറിയാതെ മൊബൈൽ എടുത്ത് മോശമായ വീഡിയോകൾ കാണുവാൻ തുടങ്ങുന്നു. ഇത് നിമിത്തം എനിക്ക് ശരിയായി പഠിക്കുവാൻ കഴിയുന്നില്ല. എന്ത് ചെയ്യണമെന്ന് എനിക്കറിയില്ല. എല്ലാ വിഷയങ്ങളിലും പരാജയം, ഭാവികാലം ഇരുണ്ടു പോയതായി തോന്നുന്നു. എന്റെ മാതാപിതാക്കൾ 'നീ പഠിത്തം നിർത്തിയിട്ട് കൃഷി ചെയ്യുക' എന്ന് പറയുന്നു. എനിക്ക് എന്ത് ചെയ്യമെന്ന് അറിയില്ല.

നന്നായി പഠിച്ച് ഐ.ടി. സോഫ്റ്റ് വെയർ എഞ്ചിനീയർ ആകണമെന്നാണ് എന്റെ ആഗ്രഹം. പക്ഷെ രക്ഷപ്പെടുവാൻ കഴിയാത്ത അടിമത്തത്തിൽ കുടുങ്ങിയതുപോലെ തോന്നുന്നു. യേശു എന്നോട് ക്ഷമിക്കുമോ?

കെവിൻ .. വിഴുപ്പുരം.



പ്രിയ സഹോ.കെവിൻ! നിങ്ങളുടെ വേദന ഞാൻ മനസ്സിലാക്കുന്നു. അപ്രതീക്ഷിതമായി കണ്ട കാഴ്ച ഇന്ന് ദുരന്തമായി മാറിയിരിക്കുകയാണ്. നിങ്ങളെപ്പോലെ, ഇന്ന് അനേകം യൗവനക്കാർ ഈ പാപത്തിൽ കുടുങ്ങി, പുറത്തുവരാൻ കഴിയാതെ, ചൂണ്ടയിൽ കുടിങ്ങിയ മത്സ്യത്തെപ്പോലെ കഷ്ടപ്പെടുന്നു. ഒരു പ്രശ്നത്തിൽ നിന്ന് കരകയറാൻ ശ്രമിക്കുമ്പോൾ മറ്റൊരു പ്രശ്നത്തിൽ കുടുങ്ങുന്നു.

എന്നാൽ കെവിൻ! ഈ പൊട്ടക്കിണറ്റിൽ നിന്ന് നിങ്ങൾക്ക് തീർച്ചയായും പുറത്തുവരാൻ കഴിയും. അതിന് വേണ്ടത് ഉറപ്പുള്ള തീരുമാനവും അശ്രാന്ത പരിശ്രമവുമാണ്.

ആദ്യം നിങ്ങൾ ഈ ദുശ്ശീലത്തിൽ നിന്ന് പുറത്തുവരണമെന്ന് ആഗ്രഹിക്കണം. കാരണം ഈ അടിമത്വം നിങ്ങളുടെ മനസ്സമാധാനത്തെ മാത്രമല്ല ബാധിക്കുന്നത്. അത് നിങ്ങളുടെ കഴിവുകളെയും ഊർജ്ജത്തെയും ബാധിച്ച് നിങ്ങളെ തളർത്തുകളയും. ഇതാണ് നിങ്ങളുടെ വിദ്യാഭ്യാസം ബാധിക്കപ്പെടുവാൻ കാരണം.

ഈ ശീലത്തിൽ നിന്ന് ഞാൻ എളുപ്പം പുറത്തുവരും എന്ന് പലരും പറയാറുണ്ട്. എന്നാൽ ഈ പാപകരമായ അടിമത്തം അവരെ തളർത്തുന്ന ഒരു കെണിയാണ്.

ഒരു മലമ്പാമ്പിന് മാനിനെ വീഴ്ത്തുവാനോ വിഴുങ്ങുവാനോ കഴിയില്ല. കാരണം, ഒരു മാനിന്റെ വേഗതയുമായി താരതമ്യപ്പെടുത്തുമ്പോൾ മലമ്പാമ്പിന്റെ വേഗത ഒന്നുമല്ല. ഗോവണി വച്ചാൽ പോലും എത്താൻ കഴിയില്ല. എന്നാൽ പെരുമ്പാമ്പ് മാനിന്റെ കാലിൽ കടിക്കാൻ സാധ്യതയുണ്ട്. കാരണം, മലമ്പാമ്പിന് അത് ആക്രമിക്കുന്ന ഏതൊരു മൃഗത്തെയും കടിച്ച ശേഷം, ആ മൃഗത്തെ തന്റെ ശരീരവും വാലും ഉപയോഗിച്ച് വളരെ വേഗത്തിൽ ചുറ്റി, അസ്ഥികളെ തകർക്കാനുള്ള ശക്തിയുണ്ട്. പിന്നീട് അതിനെ ശ്വാസം മുട്ടിച്ച് തന്റെ ചെറിയ വായ തുറന്ന് മൃഗത്തെ ജീവനോടെ വിഴുങ്ങുവാൻ തുടങ്ങും. ഈ പാപശീലവും ഒരു മലമ്പാമ്പിനെ പോലെയാകുന്നു. അത് നമ്മെ കടിച്ചാൽ വിഴുങ്ങാതെ പോകില്ല.

**ഈ പാപത്തിന്റെ പിടിയിൽ നിന്ന് പുറത്ത് വരണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ആദ്യം നിങ്ങളുടെ മൊബൈലിനും നിങ്ങൾക്കും ചില നിയമങ്ങൾ ഉണ്ടാകണം.**

- രാത്രി 9 മണിക്ക് ശേഷം ഞാൻ മൊബൈൽ സ്വിച്ച് ഓഫ് ചെയ്യും.
- Google settings -ൽ Safe browsing, safe search - ഉം Enable ചെയ്തുവയ്ക്കുക. ഇത് നിങ്ങളെ അനാവശ്യ വെബ്സൈറ്റുകളിലേക്ക് കൊണ്ടുപോകില്ല.
- പഠനവുമായി ബന്ധപ്പെട്ടതാണെങ്കിലും 9 മണിക്ക് ശേഷം ഞാൻ മൊബൈൽ തൊടുകയില്ല.
- ചില അനാവശ്യമായ തേർഡ് പാർട്ടി ആപ്ലിക്കേഷനുകൾ ഡിലീറ്റ് ചെയ്യുക.
- അനാവശ്യമായ വീഡിയോകൾ, വാട്സ്ആപ്പ്, Facebook അല്ലെങ്കിൽ Instagram മെസ്സേജുകൾ വന്നാലും നോക്കുകയില്ല എന്ന് തീരുമാനമെടുക്കുക.
- ഒറ്റയ്ക്കിരിക്കുന്നത് പൂർണമായും ഒഴിവാക്കുക.
- Mobile settings - ൽ Digital well being on ചെയ്ത് എല്ലാ ആപ്ലിക്കേഷനും ചെറിയ time set ചെയ്യാം. അതുകൊണ്ട് അളവിൽ കൂടുതൽ ഉപയോഗിക്കുവാൻ സാധ്യതയില്ല.

ഇങ്ങനെ നിങ്ങളെ ഒരു ക്രമത്തിലേക്കും അച്ചടക്കത്തിലേക്കും കൊണ്ടുവരുമ്പോൾ നിങ്ങളുടെ ചിന്തകളും ഹൃദയവും മലിനപ്പെടാതെ കാക്കുവാൻ കഴിയും. പഠനത്തിൽ ശ്രദ്ധ ചെലുത്തി നിങ്ങളുടെ സ്വപ്നമായ IT Software Engineering എന്ന ആഗ്രഹം സാധിക്കുവാനും കഴിയും. ആരെല്ലാം ആത്മാവിൽ ബലഹീനരായിരിക്കുന്നുവോ അവരെയെല്ലാം പിശാച് പാപം ചെയ്യുവാൻ പ്രേരിപ്പിക്കും. പലപ്പോഴും പിശാച് പരീക്ഷിക്കുന്നത്, കർത്താവിന് വേണ്ടി തീക്ഷ്ണതയോടെ ജീവിക്കുവാൻ ആഗ്രഹിക്കുന്ന യൗവനക്കാരെ തന്നെയാണ്.

ആകയാൽ കെവിൻ, യേശുവേ, എന്റെ പാപങ്ങൾ ക്ഷമിക്കേണമേ, എന്നെ വിശുദ്ധീകരിക്കണമേ, ഇനി പാപം ചെയ്യാതെ സൂക്ഷിക്കേണമേ എന്ന് പ്രാർത്ഥിക്കുക. ഓരോ ദിവസവും അതിരാവിലെ എഴുന്നേറ്റ് കർത്താവിനെ സ്തുതിച്ച്, വേദപുസ്തകം വായിച്ച്, നിങ്ങളെ പരിശുദ്ധാത്മാവിന്റെ കരങ്ങളിൽ ഏൽപിച്ചു കൊടുത്ത് പ്രാർത്ഥിക്കുക. നിങ്ങൾക്ക് വലിയ മാറ്റങ്ങളും ജയവും പ്രാപിക്കുവാൻ സാധിക്കും. ആവശ്യമില്ലാത്ത സമയങ്ങളിൽ ഫോൺ എടുക്കണമെന്ന് തോന്നുമ്പോൾ വേദപുസ്തകമെടുത്ത് വായിക്കുവാൻ ശ്രമിക്കുക. വേദപുസ്തകം വായിക്കുമ്പോൾ കർത്താവിന്റെ വചനം നിങ്ങളുടെ ചിന്തയെ ഭരിക്കുകയും, ഹൃദയത്തിൽ സമാധാനവും വിശുദ്ധിയോടെ ജീവിക്കണമെന്ന ആഗ്രഹവും ഉണ്ടാകും. "ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം ഞാൻ പിന്നെയും പ്രസവ വേദനപ്പെടുന്നവരായ എന്റെ കുഞ്ഞുങ്ങളെ,.." (ഗലാത്യർ 4:19) എന്നിങ്ങനെ പൗലോസ് പറയുന്നത് പോലെ നമ്മുടെ ജീവിതത്തിൽ നാം യേശുക്രിസ്തുവിനെ പോലെ വിശുദ്ധിയോടെ ജീവിക്കുവാനും, പഴയ മനുഷ്യന്റെ സ്വരൂപം മാറി ക്രിസ്തുവിന്റെ സ്വരൂപത്തിൽ ഉരുവാകേണ്ടതിനും ദൈവം ആഗ്രഹിക്കുന്നു.

**ശത്രു എത്ര തവണ പോരാടി പരാജയപ്പെടുത്തണമെന്ന് ആഗ്രഹിച്ചാലും, കർത്താവ് നമ്മെ ബലപ്പെടുത്തി ജയാളിയാക്കി തീർക്കുവാൻ ഇടയാക്കും. പ്രാർത്ഥിച്ച് പ്രവർത്തിക്കുക.**

# ഓർത്തുകൊള്ളും!



നമ്മുടെ ജീവിതത്തിൽ ചില വിഷയങ്ങൾ നീണ്ട നാളുകൾ ഓർമ്മയിൽ സൂക്ഷിക്കാറുണ്ട്.  എന്നാൽ ചിലത് അൽപകാലം കൊണ്ട് മറന്നുപോകുന്നു. ഇന്ന് വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന സാങ്കേതിക വികസനം കാരണം മനുഷ്യന്റെ ഓർമ്മശക്തി നാൾക്ക് നാൾ കുറഞ്ഞ്  കൊണ്ടിരിക്കുന്നു എന്ന് തന്നെ പറയണം. സെൽഫോൺ വരുന്നതിന് മുമ്പ് എല്ലാവരുടെയും വീട്ടിലെ ടെലിഫോൺ നമ്പറുകളും ഓർമ്മയിൽ മനഃപാഠമായി സൂക്ഷിച്ചിരുന്നവർ, ഇന്ന് ഏറ്റവും അടുത്ത 10 പേരുടെ ടെലിഫോൺ നമ്പറുകൾ പോലും ഓർമ്മയിൽ വയ്ക്കുവാൻ കഴിയുന്നില്ല. യന്ത്രവൽകൃതമായ സാഹചര്യത്തിൽ ജീവിക്കുന്ന ഈ ലോകത്തിൽ ചിലപ്പോൾ മാതാപിതാക്കൾക്ക് മക്കളെയും, മക്കൾക്ക് മാതാപിതാക്കളെയും ഓർക്കുവാൻ പോലും സമയമില്ല. അത്രത്തോളം മനുഷ്യകുലം വേഗത്തിൽ കടന്നു പോയ്ക്കൊണ്ടിരിക്കുന്നു. എന്നാൽ സകലത്തെയും സൃഷ്ടിച്ച കർത്താവ് എപ്പോഴും നമ്മെ ഓർക്കുന്നു. നവീന ലോകത്തിൽ നിങ്ങളുടെ ചുറ്റുമുള്ള സ്നേഹിതന്മാരും, ബന്ധുമിത്രാദികളും എന്തിന് മാതാപിതാക്കൾ പോലും നിങ്ങളെ മറന്നുപോകാം. എന്നാൽ നമ്മെ മറക്കാത്ത ഒരുവനുണ്ട്. അത് നമ്മുടെ കർത്താവായ യേശുക്രിസ്തു ആകുന്നു.



നമ്മോട് വളരെ അടുപ്പത്തിൽ ആയിരിക്കുന്ന ബന്ധങ്ങൾ പോലും ചിലപ്പോൾ നമ്മെ മറന്നുപോകാറുണ്ട്. ദാവീദിന്റെ ജീവിതത്തിൽ തന്റെ ഭാവികാലത്തെ കുറിച്ചുള്ള ചിന്തകളും കരുതലും അവന്റെ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും ഇല്ലാതെ പോയിരിക്കാം. എന്നാൽ കർത്താവിന് ദാവീദിന്റെ ഭാവികാലത്തെക്കുറിച്ച് പദ്ധതിയും ലക്ഷ്യവുമുണ്ടായിരുന്നു. നിങ്ങൾ ഉയർന്ന നിലയിൽ ഇരിക്കുമ്പോൾ നിങ്ങളെ ഓർക്കുന്ന അനേകർ ഈ ലോകത്തിൽ ഉണ്ടാകാം. ഇസ്രായേലിന്റെ രാജാവിനെ അഭിഷേകം ചെയ്യേണ്ടതിന്, കർത്താവിനാൽ അയക്കപ്പെട്ട ശമുവേലിന്റെ ചിന്തയ്ക്ക് ദാവീദിന്റെ സഹോദരന്മാരാണ് രാജാവായി വെളിപ്പെട്ടത്. എന്നാൽ യഹോവയോ, എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ദാവീദിനെ ഇസ്രായേലിന്റെ രാജാവായി ഓർത്തു. നിങ്ങൾ താഴ്ചയിൽ ആയിരിക്കുമ്പോൾ നിങ്ങളെ അന്വേഷിക്കുന്നവനും, നിങ്ങൾക്കായി കരുതുന്നവനും, ഓർക്കുന്നവനും കർത്താവ് ഒരുവൻ മാത്രമാണ് എന്ന് മറന്നുപോകരുത്. നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങളും, പോരാട്ടങ്ങളും, ആവശ്യങ്ങളും വരുമ്പോൾ നമ്മുടെ ചുറ്റുമുള്ള മനുഷ്യർ നമ്മെ മറന്നുപോകും. എന്നാൽ കർത്താവ് ഒരു നാളും നമ്മെ മറക്കാതെ ഓർത്തുകൊള്ളും. അതുകൊണ്ട് "ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ താൻ പ്രസവിച്ച മകനോടു കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല..." (യെശയ്യാവ് 49:15) എന്ന് കർത്താവ് പറയുന്നു.



ചിലപ്പോഴൊക്കെ നമ്മിൽ നിന്ന് നന്മ പ്രാപിച്ചവർ, നമ്മെ മറന്നുപോകുമ്പോൾ നാം വേദനിക്കാറുണ്ട്. തടവറയിൽ അടയ്ക്കപ്പെട്ട ഫറവോന്റെ പ്രമാണികളെ ശ്രദ്ധിക്കേണ്ടതിന് യോസേഫിനെ നിയമിച്ചു. അവർ രണ്ടുപേരും കണ്ട സ്വപ്നങ്ങൾ നിമിത്തം, വ്യസനിച്ചിരിക്കുന്നത് കണ്ട് യോസേഫ് അവരോട് കാര്യം അന്വേഷിക്കുകയും അതിന് വിശദീകരണം നൽകുകയും ചെയ്തു. അത് മാത്രമല്ല "…. എന്നെ ഓർത്ത് എന്നോടു ദയ ചെയ്ത് ഫറവോനെ എന്റെ വസ്തുത ബോധിപ്പിച്ച് എന്നെ ഈ വീട്ടിൽ നിന്നും വിടുവിക്കേണമേ" (ഉല്പത്തി 40:14) എന്ന് പ്രമാണിയോട് അപേക്ഷിച്ചു. എന്നാൽ ആ പ്രമാണികൾക്ക്, താൻ ചെയ്ത നന്മ മറക്കാതെ ഏതുവിധേനയും തന്നെ ആ തടവറയിൽ നിന്ന് വിടുവിക്കും എന്ന് യോസേഫ് കരുതിയിരുന്നു. എന്നാൽ നടന്നത് എന്താണെന്ന് അറിയാമോ? "…. പാനപാത്ര വാഹകന്മാരുടെ പ്രമാണി യോസേഫിനെ ഓർക്കാതെ അവനെ മറന്നുകളഞ്ഞു" (ഉല്പത്തി 40:23).

ലോകവും മനുഷ്യരും നമ്മെ ഓർക്കാതെ പോയാലും, മുഖപക്ഷം ഇല്ലാത്ത ദൈവം ഏകാഗ്ര ചിത്തന്മാരായിരിക്കുന്ന ഓരോരുത്തരെയും മറക്കാതെ ഓർത്തുകൊള്ളും. രണ്ട് വർഷം കഴിഞ്ഞ ശേഷം യോസേഫിനെ ഓർത്ത ദൈവം ഫറവോനെ ഉറങ്ങുവാൻ അനുവദിക്കാതെ, തന്നെ മറന്നുപോയ അതേ പാനപാത്ര വാഹകന്മാരുടെ പ്രധാനി മുഖാന്തരം ഈജിപ്തിലെ കൊട്ടാരത്തിലേക്ക് യോസേഫിനെ കൊണ്ടുപോയി മാനിച്ചു. താങ്കൾ ഏത് സാഹചര്യത്തിലായിരുന്നാലും കലങ്ങിപോകേണ്ട. നിങ്ങളെ ഓർത്ത് അനുഗ്രഹിക്കുന്ന ദൈവം നിങ്ങൾക്കായി ഉണ്ട് എന്നുള്ളത് ഒരുനാളും മറന്നുപോകരുത്. "യഹോവ നമ്മെ ഓർത്തിരിക്കുന്നു; അവൻ അനുഗ്രഹിക്കും!" (സങ്കീർത്തനം 115:12) എന്ന വചനപ്രകാരം യോസേഫിനെ മറക്കാതെ ഓർത്ത ദൈവം നിങ്ങളെയും ഓർത്തുകൊള്ളും.

എനിക്ക് പ്രിയമുള്ള യൗവനക്കാരെ, ഞാൻ നിന്നെ മറക്കുകയില്ല എന്ന് പറയുന്ന സ്നേഹിതന്മാരും, ബന്ധുമിത്രാദികളും ഏതെങ്കിലും സാഹചര്യത്തിൽ നിങ്ങളെ മറന്നുപോയേക്കാം. എന്നാൽ കർത്താവായ യേശുക്രിസ്തു എന്നന്നേക്കും നിങ്ങളെ മറക്കാത്ത ദൈവം എന്ന് ഓർമ്മയിൽ സൂക്ഷിച്ചുകൊള്ളുക. ദാവീദ്, യോസേഫ് എന്നിവരെപ്പോലെ നിങ്ങൾ ഈ ലോകത്താൽ അവഗണിക്കപ്പെട്ട്, വിസ്മരിക്കപ്പെട്ടുപോയോ? ഭാരപ്പെടേണ്ട, "ഞാൻ നിന്നെ മറന്നുകളകയില്ല" (യെശയ്യാവ് 44:21) എന്ന് പറയുന്ന കർത്താവ് നിങ്ങളെ മറക്കാതെ ഓർത്ത് അനുഗ്രഹിച്ച് ഉയർത്തും.


# ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

യേശു വിടുവിക്കുന്നു

ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

| Trivandrum | Kochi | Kottayam |
|---|---|---|
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |

ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.



# കുറവ് നിറവാകും!

"എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്ത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണമായി തീർത്തുതരും." (ഫിലിപ്പിയർ 4:19)
ഇന്ന് നിങ്ങളുടെ ജീവിതത്തിൽ കാണപ്പെടുന്ന കുറവുകളെ നിറവാക്കുവാൻ കർത്താവായ യേശുക്രിസ്തു താല്പര്യത്തോടെ കാത്തിരിക്കുന്നു. അന്ന് കാനാവിലെ കല്യാണവീട്ടിൽ ഉണ്ടായ കുറവിനെ നിറവാക്കിയ യേശുക്രിസ്തു, ഇന്ന് നിങ്ങളുടെ കുറവുകൾ നിറവാക്കി നിങ്ങളെ അനുഗ്രഹിക്കുവാൻ നിങ്ങളുടെ അരികിൽ ഉണ്ട്. നിങ്ങളുടെ കുറവുകൾ നിറവാക്കപ്പെടുവാൻ ആദ്യം ചെയ്യേണ്ടത്...

## കുറവുകൾ സമ്മതിക്കുക എന്നതാണ്!

കാനാവിലെ കല്യാണവീട്ടിൽ മുന്തിരി വീഞ്ഞ് തീർന്നുപോയി. വന്നിരിക്കുന്ന എല്ലാ വിരുന്നുകാർക്കും മുന്തിരിവീഞ്ഞ് കൊടുക്കണമല്ലോ! എന്ത് ചെയ്യും? എന്നിങ്ങനെ കല്യാണവീട്ടുകാർ ആശങ്കപ്പെട്ടു. എന്നാൽ വീഞ്ഞ് തീർന്നുപോയത് മറച്ചുവയ്ക്കാതെ, തീർന്നുപോയ വാർത്ത കല്യാണവീട്ടിൽ ആകമാനം വ്യാപിക്കുവാൻ തുടങ്ങി. അതുകൊണ്ടാകുന്നു ആ വർത്തമാനം വീട്ടിൽ വന്നിരുന്ന യേശുക്രിസ്തുവിന്റെ ചെവിയിലും എത്തി, അത്ഭുതം നടക്കുവാൻ ഇത് കാരണമായി തീർന്നു. അവർ കുറവിനെ തങ്ങളുടെ ഉള്ളിൽ തന്നെ മറച്ചു വച്ചിരുന്നുവെങ്കിൽ അവിടെ ആ അത്ഭുതം നടക്കില്ലായിരുന്നു. ജനങ്ങൾ അവർ കുറവുള്ളവർ എന്ന് തിരിച്ചറിയാതെ ഇരിക്കുന്നതും, വിശുദ്ധിയില്ലെങ്കിലും തങ്ങളെ വിശുദ്ധന്മാർ എന്ന് പുറത്ത് കാണിക്കുന്നതും, സമാധാനം ഇല്ലെങ്കിലും സമാധാനത്തോടെ ഇരിക്കുന്നതുപോലെ അഭിനയിക്കുന്നതും, മറ്റുള്ളവരോട് കൂട്ടായ്മ ഇല്ലാതിരുന്നിട്ടും പുറത്ത് എല്ലാവരോടും നല്ല കൂട്ടായ്മ ബന്ധം ഉള്ളതുപോലെ അഭിനയിച്ചുകാണിക്കുന്നതും, പലവിധ പ്രശ്നങ്ങൾ, ഭാരങ്ങൾ, രോഗങ്ങൾ, ആവശ്യങ്ങൾ എന്നിവ ഉണ്ടായിരുന്നിട്ടും എല്ലാറ്റിലും പൂർണ്ണതയുള്ളവരെപോലെ ചിന്തിച്ചുകൊണ്ട് തങ്ങളുടെ കുറവുകളെ തിരിച്ചറിയാതിരിക്കുന്നത് നാം കാണുന്നു. ഇത് നിമിത്തം അനേകർ കർത്താവ് നൽകുന്ന അനുഗ്രഹം നഷ്ടപ്പെടുത്തുന്നു. നിങ്ങളുടെ കുറവുകളെ സമ്മതിക്കുക, നിങ്ങളുടെ കുറവുകൾ എന്ത് തന്നെ ആയിരുന്നാലും അത് നിങ്ങൾ തിരിച്ചറിയുമെങ്കിൽ ഇന്ന് തന്നെ നിങ്ങളുടെ ജീവിതത്തിൽ അത്ഭുതം നടക്കുവാൻ തുടങ്ങും.



## കുറവുകളെ യേശുവിനോട് പറയുക!

കാനാവിലെ കല്യാണവീട്ടിൽ വീഞ്ഞ് തീർന്നുപോയപ്പോൾ, യേശുക്രിസ്തുവിനോട് തന്റെ

മാതാവ്, "അവർക്കു വീഞ്ഞ് ഇല്ല" (യോഹന്നാൻ 2:3) എന്നു പറഞ്ഞു. ആ വാക്ക് ആകുന്നു യേശുക്രിസ്തുവിനെ ഒരു അത്ഭുതം ചെയ്യുവാൻ പ്രേരിപ്പിച്ചത്. ആ കുറവിനെ യേശുവിന്റെ അടുക്കൽ കൊണ്ടുവരാതിരുന്നെങ്കിൽ അവിടെ അത്ഭുതം നടക്കില്ലായിരുന്നു. എന്തെന്നാൽ, കുറവുകളെ നിറവാക്കുവാൻ ശക്തിയുള്ളവൻ കർത്താവായ യേശുക്രിസ്തു മാത്രമാണ്. സർവ്വശക്തിയുള്ള കർത്താവിന്റെ അടുക്കൽ ആ വാർത്ത കൊണ്ടുവരപ്പെട്ടപ്പോൾ, കർത്താവ് കുറവിനെ നിറവാക്കുകയും, അവിടെ ഉണ്ടായിരുന്ന എല്ലാവരെയും സന്തോഷിപ്പിക്കുകയും ചെയ്തു. ഇന്ന് അനേകം ആളുകൾ തങ്ങളുടെ കുറവുകളും പ്രശ്നങ്ങളും അവരുടെ സ്നേഹിതന്മാരോടും അയൽക്കാരോടും പറഞ്ഞ് വേദനിച്ച് കരഞ്ഞുകൊണ്ടിരിക്കുന്നത് നാം കാണുന്നു. നിങ്ങളുടെ കുറവുകളെ പങ്കുവയ്ക്കുവാൻ യേശുക്രിസ്തു അല്ലാതെ ശരിയായ ഒരു വ്യക്തി മറ്റാരുമില്ല. കാരണം കർത്താവ് ഒരുവൻ മാത്രമാണ് നിങ്ങളെക്കുറിച്ച് കരുതുന്നത്. നിങ്ങളെ സ്നേഹത്തോടെ കരുതുന്നവൻ (1പത്രൊസ് 5:7). അധികം സ്നേഹിക്കുന്നവൻ (1യോഹ. 4:19), നിങ്ങൾക്കായി തന്റെ ജീവനെ തന്നെ നൽകിയവൻ (റോമർ 5:8). അതുകൊണ്ട് നിങ്ങളുടെ കുറവുകൾ എന്തായിരുന്നാലും, ഹൃദയത്തിന്റെ ഭാരങ്ങൾ എത്ര വലുതായിരുന്നാലും ധൈര്യമായി കർത്താവിനോട് പറയുക. കർത്താവ് ഒരിക്കലും നിങ്ങളെ തെറ്റിദ്ധരിക്കുകയില്ല.
സക്കായി തന്റെ പാപങ്ങൾ മറയ്ക്കാതെ കർത്താവിനോട് പറഞ്ഞു (ലൂക്കോസ് 19:8). അതുകൊണ്ടാകും അദ്ദേഹത്തിന്റെ കുടുംബം രക്ഷിക്കപ്പെടുവാൻ കാരണമായത്. മോശെ താൻ തടിച്ച നാവുള്ളവനും, വിക്കനും ആണെന്ന് (പുറ.4:10) മറച്ചുവയ്ക്കാതെ കർത്താവിനോട് പറഞ്ഞു. നോക്കുവിൻ! ആ മോശെയെയാണ് കർത്താവ് ശക്തമായി ഉപയോഗിച്ചത്.
മനോവ്യസനത്തോടിരുന്ന ഹന്ന കർത്താവിന്റെ സന്നിധിയിൽ തന്നെ തന്നെ പകർന്നു (1ശമു.1:15), അതുകൊണ്ട് അവൾ വലിയ സമാധാനത്തോടെ തിരിച്ചുപോയി. അതുപോലെ നിങ്ങൾക്കും നിങ്ങളുടെ പാപങ്ങളും, കുറവുകളും ആവശ്യങ്ങളും പങ്കുവയ്ക്കാനുള്ള അനുയോജ്യമായ സ്ഥലം കർത്താവിന്റെ സന്നിധി മാത്രമാണ്. കർത്താവിന്റെ അടുക്കൽ ഒന്നും മറച്ചു വയ്ക്കരുത്. നിങ്ങളുടെ അവസ്ഥകൾ അതുപോലെ കർത്താവിനോട് പങ്കുവയ്ക്കുക. അത്ഭുതം ചെയ്യുന്ന കർത്താവിന്റെ ശക്തി നിങ്ങളുടെ ജീവിതത്തിലും നിങ്ങൾക്ക് തിരിച്ചറിയുവാൻ കഴിയും.



## യേശു പറയുന്നതുപോലെ ചെയ്യുക!

കാനാവിലെ കല്യാണവീട്ടിൽ വീഞ്ഞ് തീർന്നുപോയ വാർത്ത കർത്താവായ യേശുക്രിസ്തുവിനോട് പറഞ്ഞ തന്റെ മാതാവ്, "ശുശ്രൂഷക്കാരോട്: അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ" (യോഹ 2:5) എന്നു പറഞ്ഞു. അത് ശുശ്രൂഷക്കാർ അതുപോലെ അനുസരിച്ച് പ്രവർത്തിച്ചു. അതുകൊണ്ടാകുന്നു അവരെക്കൊണ്ട് അവിടെ ഒരു അത്ഭുതം കാണുവാൻ കഴിഞ്ഞത്. ഇന്നും അതേ കർത്താവ് നിങ്ങളോട് എന്ത് ചെയ്യുവാൻ ആവശ്യപ്പെടുന്നുവോ അങ്ങനെ തന്നെ ചെയ്യുക. അപ്പോൾ നിങ്ങളുടെ ജീവിതത്തിൽ അത്ഭുതങ്ങൾ കാണാൻ കഴിയും. കർത്താവ് നിങ്ങളോട് ഉപേക്ഷിക്കുവാൻ പറയുന്ന കാര്യങ്ങൾ ഉപേക്ഷിക്കുക, സ്വീകരിക്കുവാൻ പറയുന്ന കാര്യങ്ങൾ അങ്ങനെ തന്നെ സ്വീകരിക്കുക. നിങ്ങളാൽ ചെയ്യുവാൻ കഴിയാത്ത കാര്യങ്ങൾ ചെയ്യേണ്ടതിന് കർത്താവ് ഒരുനാളും നിങ്ങളോട് പറയുകയില്ല. എന്തെന്നാൽ നിങ്ങളുടെ അവസ്ഥകളെല്ലാം കർത്താവിന് നന്നായി അറിയാം. തന്റെ മക്കളുടെ തലയിൽ വലിയ ചുമട് കയറ്റിവയ്ക്കുന്ന ഒരു മാതാവ്, തന്റെ കുഞ്ഞിന് ഇത്ര മാത്രമേ ചുമക്കുവാൻ കഴിയുകയുള്ളൂ എന്ന് അറിഞ്ഞിരിക്കുന്നതുപോലെ, നിങ്ങളെക്കൊണ്ട് ഇത്ര മാത്രമേ ചെയ്യുവാൻ കഴിയുകയുള്ളൂ എന്ന് നിങ്ങളുടെ പരമ പിതാവായ യേശുക്രിസ്തു നന്നായി അറിയുന്നു. ചില സമയങ്ങളിൽ, കർത്താവ് അരുളിച്ചെയ്യുന്ന കാര്യങ്ങൾ നിങ്ങൾക്ക് അവിശ്വസനീയമായതാകാം. എന്നാൽ വിശ്വാസത്തോടെ അതിന് വിധേയപ്പെടുക. കർത്താവായ യേശുക്രിസ്തു അവിടെയുള്ള ശുശ്രൂഷക്കാരോട്, കല്പാത്രങ്ങളിൽ വെള്ളം നിറക്കുവാൻ പറഞ്ഞത് മാത്രമല്ല, ആ വെള്ളം കോരി വിരുന്നുവാഴിക്കു കൊണ്ടുപോയി കൊടുപ്പിൻ എന്നു പറഞ്ഞു. അപ്പോൾ ആ ശുശ്രൂഷക്കാർ, 'നാം അല്ലേ ഇപ്പോൾ ഈ പാത്രങ്ങളിലെല്ലാം വെള്ളം നിറച്ചത്, ഈ വെള്ളം കൊണ്ട് വിരുന്നുവാഴിക്ക് കൊടുക്കുവാൻ പറയുന്നല്ലോ' എന്ന് പറഞ്ഞ് പിറുപിറുത്തില്ല. കർത്താവിന്റെ വാക്കുകൾ അങ്ങനെ അവർ വിശ്വസിച്ചു. അവരുടെ വിശ്വാസമാണ് വെറും വെള്ളം വീഞ്ഞായി മാറുവാൻ ഇടയാക്കിയത്.
പ്രിയപ്പെട്ട യൗവനക്കാരെ, നിങ്ങളുടെ വിശ്വാസമാണ് അത്ഭുതങ്ങൾ കാണുവാൻ ഇടയാക്കുന്നത്. സംശയിക്കാതെ കർത്താവിന്റെ വാക്കുകൾ അങ്ങനെ തന്നെ വിശ്വസിക്കുക. നിശ്ചയമായും നിങ്ങൾ അത്ഭുതങ്ങൾ കാണും.

# പെട്ടകത്തിനുള്ളിൽ നോഹയെ ഓർത്തു!

നോഹയും കുടുംബവും, തന്നോട് കൂടെ ഉണ്ടായിരുന്ന സകല ജീവജാലങ്ങളും പെട്ടകത്തിനുള്ളിലേക്ക് കടന്നിട്ട്, 150 ദിവസങ്ങൾ കഴിഞ്ഞു. എന്നാൽ വെള്ളത്തിന്റെ അളവ് കുറഞ്ഞിട്ടില്ല. 40 ദിവസം ഇടവിടാതെ മഴ പെയ്തതുകൊണ്ട് ഇനിയും എത്ര നാൾ ഈ പെട്ടകത്തിനുള്ളിൽ ഇരിക്കേണ്ടിവരും എന്ന് നോഹയും തന്റെ കുടുംബവുംആശങ്കപ്പെട്ടിരിക്കാം. ആകയാൽ ദൈവം ഭൂമിയുടെ മേൽ കാറ്റ് അടിപ്പിച്ചു. വെള്ളം വറ്റുവാൻ തുടങ്ങി. പെട്ടകം അരാരത്ത് പർവ്വതത്തിൽ ഉറച്ചുനിന്നു. ഒരു വർഷവും 10 ദിവസവും നോഹയും തന്റെ കുടുംബവും പെട്ടകത്തിന്റെ ഉള്ളിൽ ഒതുങ്ങിയിരുന്നതായി വേദപുസ്തകം പറയുന്നു. " ദൈവത്തിനെ അനുസരിച്ച നോഹയെയും തന്റെ കുടുംബത്തെയും, അവനോടൊപ്പം പെട്ടകത്തിനകത്ത് ഉണ്ടായിരുന്ന സകല ജീവികളെയും സകല മൃഗങ്ങളെയും യഹോവ ഓർത്തു (ഉൽപത്തി 8:1)".

*സ്നേഹം നിറഞ്ഞ യൗവനക്കാരെ, ജീവിതത്തിൽ യാതൊരു പുരോഗതിയും ഇല്ലാതെ ഒരേ സ്ഥലത്ത് തന്നെ നിൽക്കുന്നു. ദൈവം എന്നെ മറന്നിരിക്കുന്നുവോ? എന്നെ കൈവിട്ടിരിക്കുന്നുവോ? എന്നോർത്ത് ആശങ്കപ്പെടുന്നുണ്ടോ? നോഹയെയും കുടുംബത്തെയും ഓർത്ത ദൈവം നിങ്ങളെ ഓർക്കാതിരിക്കുമോ?*





തക്കസമയം വരുന്നത് വരെ ദൈവം ഹന്നയുടെ ഗർഭം അടച്ചിരുന്നു എന്ന് അറിയാത്ത പെനീന, ഹന്നയെ അവഗണിച്ച്, അവളെ വ്യസനിപ്പിച്ചു. ആ വേദനയും അപമാനവും താങ്ങാൻ കഴിയാതെ യഹോവയുടെ ആലയത്തിലേക്ക് കടന്നുപോയ ഹന്ന ദൈവത്തിന്റെ സന്നിധിയിൽ ഹൃദയം കലങ്ങി വളരെ കരഞ്ഞു. തന്റെ ഹൃദയം പകർന്ന് കർത്താവിനെ നോക്കി അപേക്ഷിക്കുകയും ഒരു നേർച്ച നേരുകയും ചെയ്തു. കർത്താവ് അവളെ ഓർത്തു. അവൾ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു. യഹോവയോട് ഞാൻ അവനെ ചോദിച്ചു, എന്ന് പറഞ്ഞ് അവന് ശമുവേൽ എന്ന് പേരിട്ടു. അതിനുശേഷം മൂന്ന് പുത്രന്മാരെയും മൂന്ന് പുത്രിമാരെയും നൽകി കർത്താവ് അവളെ ഓർത്തു. (1 ശമു. 1-20)

*പ്രിയമുള്ള യൗവനക്കാരെ, നിന്ദകൾ, അപമാനങ്ങൾ വന്നാലും കർത്താവിന്റെ സമയത്തിനായി കാത്തിരിക്കുക. ദൈവത്തോട് പറ്റിച്ചേർന്നിരിക്കുക. അപ്പോൾ ഹന്നയെ ഓർത്ത ദൈവം നിങ്ങളെയും ഓർക്കും.*

# ഹന്നയുടെ കണ്ണുനീരിനെ യഹോവ ഓർത്തു ...!

# ഹിസ്കീയാവിന്റെ മരണക്കിടക്ക ഓർത്തു ...!

ഹിസ്കീയാവ് പരുവിനാൽ ബാധിതനായി മരണശയ്യയിൽ ആയിരുന്നു. യെശയ്യാ പ്രവാചകൻ "നിന്റെ ഗൃഹകാര്യം ക്രമത്തിൽ ആക്കുക നീ മരിച്ചുപോകും. എന്നു പറഞ്ഞപ്പോൾ, ഹിസ്കീയാവ് മുഖം ചുവരിന്റെ നേരെ തിരിച്ചു കണ്ണുനീരോടെ അയ്യോ യഹോവേ, ഞാൻ വിശ്വസ്തതയോടും ഏകാഗ്രഹൃദയത്തോടും കൂടെ തിരുമുമ്പിൽ നടന്നു നിനക്കു പ്രസാദമായുള്ളതു ചെയ്തിരിക്കുന്നു എന്ന് ഓർക്കേണമേ എന്ന് പറഞ്ഞ് പ്രാർത്ഥിച്ചു. അപ്പോൾ കർത്താവ്: ഞാൻ നിന്റെ പ്രാർത്ഥന കേട്ടു നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു; ഞാൻ നിന്നെ സൗഖ്യമാക്കും; നിന്റെ ആയുസ്സിനോടു പതിനഞ്ചു സംവത്സരം കൂട്ടും;..." എന്ന് ഹിസ്കീയാവിനോട് പറയേണ്ടതിന് പ്രവാചകനോട് കൽപ്പിച്ചു. ഒരു അത്തിപ്പഴക്കട്ട കൊണ്ടുവന്ന് പരുവിന്മേൽ ഇട്ടപ്പോൾ ഹിസ്കീയാവ് രക്ഷപ്പെട്ടു (2 രാജാ.20:1-7). കർത്താവ് ഹിസ്കീയാവിന്റെ അപേക്ഷ ഓർത്ത് അവന് 15 വർഷം നീട്ടി നൽകി.

*പ്രിയമുള്ള യൗവനക്കാരെ, നിങ്ങളോ നിങ്ങളുടെ സ്നേഹിതന്മാരോ ബന്ധുക്കളോ ഏതോ ഒരു രോഗത്തിന്റെ പിടിയിൽ കുടുങ്ങി മരണാസന്ന നിലയിൽ ആയിരിക്കുന്നുവോ? ഹിസ്കീയാവിനെ ഓർത്ത ദൈവം നിങ്ങളെയും ഓർത്തു കൊള്ളും.*





മോശെ ദൈവത്തിങ്കൽ നിന്ന് 10 കൽപ്പനകളെ പ്രാപിച്ചുകൊണ്ട് വരുവാൻ താമസം ഏർപ്പെട്ടതുകൊണ്ട് ഇസ്രായേൽ ജനങ്ങൾ തങ്ങൾക്കായിട്ട്, ഒരു സ്വർണ കാളക്കുട്ടിയെ ഉണ്ടാക്കി, അതിനെ വണങ്ങുവാൻ ആരംഭിച്ചപ്പോൾ ദൈവക്രോധം ജനങ്ങളുടെ മേൽ ഉയർന്നു. ദൈവം മോശെയോട്, "നിങ്ങൾ ദുശ്ശാഠ്യമുള്ള ജനം ആകുന്നു; ഞാൻ നിമിഷനേരം നിന്റെ നടുവിൽ നടന്നാൽ നിന്നെ സംഹരിച്ചുകളയും (പുറ. 33:5) എന്ന് പറഞ്ഞപ്പോൾ :ആകയാൽ എന്നോട് കൃപയുണ്ടെങ്കിൽ നിന്റെ വഴി എന്നെ അറിയിക്കേണമേ; നിനക്ക് എന്നോടു കൃപയുണ്ടാകുവാൻ തക്കവണ്ണം ഞാൻ നിന്നെ അറിയുമാറാകട്ടെ; ഈ ജാതി നിന്റെ ജനം എന്ന് ഓർക്കേണമേ." (പുറ. 33:13). അപ്പോൾ യഹോവ "എനിക്ക് നിന്നോട് കൃപ തോന്നിയിരിക്കുന്നു" എന്ന് പറഞ്ഞ് അവരെ ഓർത്തു . ജനത്തെ നാശത്തിൽ നിന്ന് വിടുവിച്ചു.

*പ്രിയമുള്ള യൗവനക്കാരെ, അന്ന് മോശെ തന്റെ ജനത്തിനായി യാചിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ, യഹോവ പ്രാർത്ഥന കേട്ട് ഇസ്രായേൽ ജനങ്ങളെ ഓർത്തു. ഇന്ന് പാപത്തിൽ കുടുങ്ങി കിടക്കുന്ന നിന്റെ ദേശത്തിലെ ജനങ്ങളെ ഓർക്കുവാൻ നിങ്ങളുടെ പ്രാർത്ഥന എത്ര ആവശ്യമാണ്?*

# മോശെ നിമിത്തം ഇസ്രായേൽ ജനത്തെ ഓർത്തു!

നവംബർ
2023





1. ദേശം മുഴുവനും സ്കൂൾ വിദ്യാഭ്യാസം പകുതിയിൽ ഉപേക്ഷിച്ചവർ 12.53 ലക്ഷം ആകുന്നു. ഇവർ സ്കൂൾ വിദ്യാഭ്യാസം തുടരുവാൻ പ്രാർത്ഥിക്കുക.

2. ലോകത്താകമാനം അരി കയറ്റുമതിയിൽ 40% ത്തിലും അധികം വിഹിതമുള്ള ഇന്ത്യയിൽ അരിക്ക് ദൗർലഭ്യം വരാതിരിക്കാനും, ഭക്ഷ്യ ഉത്പാദനം വർദ്ധിക്കുവാനും പ്രാർത്ഥിക്കുക.

3. ഇന്ത്യയിൽ കഴിഞ്ഞ 2021 -ാം വർഷം മാത്രം, 1,64,333 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ആത്മഹത്യയുടെ ആത്മാവ് നമ്മുടെ ദേശത്തിൽ നിന്ന് പുറത്താകുവാൻ പ്രാർത്ഥിക്കാം.

4. ആത്മഹത്യ ചെയ്യുന്നവരിൽ 65% പേർ 18 മുതൽ45 വരെ പ്രായത്തിനുള്ളിൽ ഉള്ളവരാണ്. യുവതലമുറയെ ആത്മഹത്യ ചെയ്യുവാൻ പ്രേരിപ്പിക്കുന്ന ദുരാത്മാക്കൾ പൂർണ്ണമായും ഇല്ലാതാകുവാൻ പ്രാർത്ഥിക്കുക.

5. സ്ത്രീധന പീഡനം നിമിത്തം 23,179 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. സ്ത്രീധന പീഡനം ദേശത്തിൽ നിന്ന് പൂർണ്ണമായി ഇല്ലാതാകുവാൻ പ്രാർത്ഥിക്കാം.

6. ഇന്ത്യയിൽ ദിവസവും 82 പേർ കൊലചെയ്യപ്പെടുന്നു. കൊലപാതകത്തിന്റെ ആത്മാവ് ബന്ധിക്കപ്പെടുവാൻ പ്രാർത്ഥിക്കാം.

7. ഒരു മണിക്കൂറിൽ 11 മനുഷ്യകടത്തുകൾ നടക്കുന്നു. ദിവസവും 264 പേർ കടത്തപ്പെടുന്നു. കിഡ്നാപ്പിംഗ് പൂർണ്ണമായി തടയപ്പെടുവാൻ പ്രാർത്ഥിക്കാം.

8. ഒരു വർഷം ഏകദേശം 29,000 പേർ കൊല ചെയ്യപ്പെടുന്നു. ഈ അവസ്ഥ പൂർണ്ണമായി ഇല്ലാതാകുവാൻ പ്രാർത്ഥിക്കാം.

9. കൊലപാതകം ചെയ്യുവാനുള്ള ചിന്തയോടെ ആയിരിക്കുന്ന വ്യക്തികൾ വിടുവിക്കപ്പെടുവാനും കൊലപാതക കുറ്റങ്ങൾ തടയപ്പെടുവാനും പ്രാർത്ഥിക്കുക.

10. വസ്തു സംബന്ധമായ പ്രശ്നങ്ങൾ, കുടുംബ പ്രശ്നങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ, തെറ്റായ ബന്ധങ്ങൾ, പ്രണയനൈരാശ്യം തുടങ്ങിയ കാരണങ്ങളാൽ അനേകർ ആത്മഹത്യ ചെയ്യുന്നു. ഇവർ മാനസാന്തരപ്പെടുവാനായി പ്രാർത്ഥിക്കാം.

11. കൊലപാതകരിലൂടെ രക്തം ചൊരിയേണ്ടതിന് പ്രേരിപ്പിക്കുന്ന സാത്താന്യ തന്ത്രങ്ങൾ ഇല്ലാതാകുവാൻ പ്രാർത്ഥിക്കാം.

12. ഇന്ത്യയിലെ CBI, NIA കൂടാതെ ED വകുപ്പുകളിൽ പ്രവർത്തിക്കുന്ന അധികാരികൾ രക്ഷിക്കപ്പെടുവാൻ പ്രാർത്ഥിക്കുക.

13. അന്വേഷണ കമ്മീഷൻ മുഴുവനും ദൈവീക ആധിപത്യം ഉണ്ടാകുവാനും, അധികാരികൾ നേരോടും മുഖപക്ഷം കൂടാതെയും പ്രവർത്തിക്കേണ്ടതിനും പ്രാർത്ഥിക്കുക.

14. ലഹരി ശീലങ്ങൾക്ക് 16 മുതൽ 25 വയസ്സുവരെ ഉള്ള യൗവനക്കാർ അടിമയാകുന്നത് പൂർണമായി തടയപ്പെടുവാൻ പ്രാർത്ഥിക്കുക.

15. ഇന്ത്യയിൽ ഏകദേശം പത്തുകോടിയിൽ അധികം പേർ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിൽ അടിമപ്പെട്ടിരിക്കുന്നു. ഇവർ അടിമത്വത്തിൽ നിന്ന് പുറത്തു വരുവാൻ പ്രാർത്ഥിക്കുക.












16. ഇന്ത്യയിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന സംസ്ഥാനങ്ങളിൽ പഞ്ചാബ് ആദ്യ സ്ഥാനത്ത് നിൽക്കുന്നു. ഈ സംസ്ഥാനത്തിന്റെ ഉണർവിനായി പ്രാർത്ഥിക്കുക.

17. ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് ഹൃദയം, ഉദരം, ശ്വാസകോശം, മസ്തിഷ്ക സംബന്ധമായ പ്രശ്നങ്ങൾ, ഓർമ്മക്കുറവ് തുടങ്ങിയ പാർശ്വഫലങ്ങൾ ഉണ്ടായി മരണം സംഭവിക്കുന്നത് തടയപ്പെടുവാൻ പ്രാർത്ഥിക്കുക.

18. ലഹരി വസ്തുക്കൾ ഇന്ത്യയിലേക്ക് കടത്തിക്കൊണ്ടുവരുന്ന മാഫിയ സംഘങ്ങൾ തടയപ്പെടുവാൻ പ്രാർത്ഥിക്കുക.

19. നേതാക്കന്മാർ ശുശ്രൂഷകന്മാർ കൂടാതെ വിശ്വാസികൾ എന്നിവർ പുതിയ അഭിഷേകത്താലും ശക്തിയാലും നിറയപ്പെടുവാനായി പ്രാർത്ഥിക്കുക.

20. സഭകളിൽ കാണപ്പെടുന്ന ജാതി വ്യത്യാസങ്ങൾ, മറ്റ് വിഭാഗീയതകൾ ഇല്ലാതാകുവാൻ പ്രാർത്ഥിക്കുക.

21. സഭകളിൽ ഉണർവിന് തടസ്സമായി കാണപ്പെടുന്ന തടസ്സങ്ങൾ മാറി, പരിശുദ്ധാത്മാവ് പകരപ്പെടുവാൻ പ്രാർത്ഥിക്കുക.

22. ഉണർവിൽ അഞ്ച് വിധ ശുശ്രൂഷകന്മാരെ (അപ്പൊസ്തലന്മാർ ,പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കൾ) ദൈവം ശക്തമായി ഉപയോഗിക്കുവാൻ പ്രാർത്ഥിക്കുക.

23. ലോകം മുഴുവനും സുവിശേഷം അറിയിക്കുന്ന വേല സഭകൾ വിശ്വസ്തതയോടെ നിവർത്തിക്കുവാൻ പ്രാർത്ഥിക്കുക.

24. സഭകൾക്ക് വിരോധമായും, ശുശ്രൂഷകന്മാർക്ക് വിരോധമായും എഴുന്നേൽക്കുന്ന ദുഷ്ടാത്മാവിന്റെ പ്രവർത്തികൾ, മന്ത്രവാദ ശക്തികൾ നശിച്ചുപോകാനായി പ്രാർത്ഥിക്കുക.

25. ഇന്ത്യയിൽ വോട്ട് രേഖപ്പെടുത്തുവാനുള്ള 94.5 കോടി ജനങ്ങളും തങ്ങളുടെ വോട്ട് ശരിയായ നിലയിൽ രേഖപ്പെടുത്തുവാൻ പ്രാർത്ഥിക്കുക.

26. ഇന്ത്യയിലുള്ള 94.5 കോടി സമ്മതിദായകരും, അവരവരുടെ മണ്ഡലങ്ങളിൽ അനുയോജ്യമായ വ്യക്തികളെ തിരഞ്ഞെടുക്കേണ്ടതിന് പ്രാർത്ഥിക്കുക.

27. 2024 -ാം വർഷം നടക്കുവാൻ ഇരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ദൈവത്തിന്റെ വാഴ്ച വെളിപ്പെടുവാനും ദൈവഹിതമുള്ളവർ തെരഞ്ഞെടുക്കപ്പെടുവാനും പ്രാർത്ഥിക്കുക.

28. തെരഞ്ഞെടുപ്പിന് വേണ്ടി ഒരുങ്ങുന്ന രാഷ് ട്രീയ പാർട്ടികൾ യാതൊരു വിധത്തിലുള്ള നിയമവിരുദ്ധ പ്രവർത്തികളിലും ഇടപെടാതിരിക്കുവാൻ പ്രാർത്ഥിക്കുക.

29. മാധ്യമങ്ങൾ തെറ്റായ അഭിപ്രായങ്ങൾ പ്രസിദ്ധീകരിച്ച് ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കാതിരിക്കുവാൻ പ്രാർത്ഥിക്കുക.

30. തെരഞ്ഞെടുപ്പ് കമ്മീഷൻ, രാഷ് ട്രീയ ഭേദമെന്യേ കൃത്യമായ നിലയിൽ പ്രവർത്തിക്കേണ്ടതിന് പ്രാർത്ഥിക്കുക.

**ദിനവും ഒരു മിനിറ്റ് ചെലവാക്കി അന്നേദിവസം നൽകപ്പെട്ടിട്ടുള്ള പ്രാർത്ഥനാ വിഷയത്തിനായി പൂർണ്ണഹൃദയത്തോടെ പ്രാർത്ഥിക്കുക.**

# ദൈവത്തിന് ബോധിച്ച പുരുഷൻ!







# ദാവീദിന്റെ അശ്രദ്ധ...

സ്നേഹമുള്ള സഹോദരീ സഹോദരന്മാരെ, നാം തുടർച്ചയായി ഈ ചരിത്ര ഭാഗത്തിൽ ദാവീദിനെ കേന്ദ്രീകരിച്ച് ധ്യാനിച്ചുവരുന്നു. കഴിഞ്ഞമാസം ദാവീദ് രാജാവിന്റെ ഭരണകാര്യങ്ങളെ കുറിച്ച് നാം മനസ്സിലാക്കി. ഈ മാസം ദാവീദിന്റെ അശ്രദ്ധ മുഖാന്തരം തനിക്ക് നഷ്ടമായ കാര്യങ്ങളെ കുറിച്ച് നോക്കാം. "യിശ്ശായിയുടെ പുത്രനായ ദാവീദിനെ എനിക്കു ബോധിച്ച പുരുഷനായി കണ്ടു" ( അപ്പൊ. പ്ര. 13:22) എന്ന് പറഞ്ഞ കർത്താവിന്റെ ദൃഷ്ടിയിൽ അകൃത്യങ്ങൾ ചെയ്ത ദാവീദ്, യഹോവയുടെ കോപത്തിന് ഇരയായി. അതിന്റെ കാരണം ദാവീദിന്റെ അശ്രദ്ധയായിരുന്നു.

## കൺമോഹം

2 ശമുവേൽ 11:1 രാജാക്കന്മാർ യുദ്ധത്തിന് പുറപ്പെടേണ്ട സമയത്ത് രാജാവായ ദാവീദ് തന്റെ സൈന്യാധിപനായ യോവാബിനെ യുദ്ധത്തിന് അയച്ച ശേഷം യെരുശലേമിൽ തന്നെ പാർത്തു. യുദ്ധമുന്നണിയിൽ അമ്മോന്യരെ എതിർത്ത് യുദ്ധം ചെയ്തുകൊണ്ട് നിൽക്കേണ്ട രാജാവായ ദാവീദ്, യുദ്ധകാലത്തിൽ യുദ്ധത്തിന് പോകാതെ, അശ്രദ്ധനായി തന്റെ കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ ഉലാത്തിയപ്പോൾ രാജാവിന്റെ കണ്ണുകൾ കൊട്ടാരത്തിന് അരികിൽ പാർത്തിരുന്ന ബത്-ശേബ എന്ന സുന്ദരിയായ സ്ത്രീയിൽ ആകൃഷ്ടനായി. ഉടനെ ആ സ്ത്രീ ആരെന്ന് അന്വേഷിച്ച് അവൾ തന്റെ പട്ടാളക്കാരിൽ ഒരുവനായ ഊരീയാവിന്റെ ഭാര്യ എന്നറിഞ്ഞിട്ടും, കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത് (പുറ.20:17) എന്ന യഹോവയുടെ പ്രമാണം ലംഘിച്ചുകൊണ്ട്, കൺമോഹത്താൽ വശീകരിക്കപ്പെട്ട്, ആ സ്ത്രീയെ വിളിച്ചു കൊണ്ടുവരാൻ പറയുകയും അവളോട് തെറ്റ് ചെയ്യുകയും ചെയ്തു.

ഇതിനാൽ കർത്താവ് കോപിക്കുകയും, നാഥാൻ പ്രവാചകനെ അയച്ച് ഒരു ഉപമയിലൂടെ ദാവീദിന്റെ തെറ്റുകൾ ബോധ്യപ്പെടുത്തി. അത് മാത്രമല്ല, ദാവീദ് ചെയ്ത ഈ കാര്യം നിമിത്തം അവന്റെ ഭവനത്തിൽ നിന്ന് വാൾ മാറി പോവുകയില്ല എന്നും, അവന്റെ ഭാര്യമാർക്കും ഇതുപോലുള്ള അവസ്ഥ ഉണ്ടാകും എന്നും കർത്താവ് ശപിച്ചു. അപ്പോൾ ദാവീദ് സങ്കീർത്തനം 51 ൽ എഴുതപ്പെട്ടിരിക്കുന്ന പാപക്ഷമയുടെ പ്രാർത്ഥന വേദനയോടെ ചൊല്ലി, മനം തിരിഞ്ഞ് കർത്താവിൽ നിന്ന് ക്ഷമ പ്രാപിക്കുകയും ചെയ്തു. എങ്കിലും നീ ഈ പ്രവൃത്തിയിൽ

യഹോവയുടെ ശത്രുക്കൾ ദൂഷണം പറവാൻ ഹേതു ഉണ്ടാക്കിയതുകൊണ്ടു നിനക്കു ജനിച്ചിട്ടുള്ള കുഞ്ഞു മരിച്ചുപോകും എന്ന് കർത്താവ് അരുളിച്ചെയ്തു. അതുപോലെ ഊരിയാവിന്റെ ഭാര്യ ദാവീദിനു പ്രസവിച്ച കുഞ്ഞിന് കഠിനരോഗം ബാധിച്ചു. ആ കുഞ്ഞ് മരിച്ചുപോയി.

"ദാവീദ് യഹോവയ്ക്ക് പ്രസാദമായുള്ളതു ചെയ്തു; ഹിത്യനായ ഊരീയാവിന്റെ കാര്യത്തിൽ മാത്രമല്ലാതെ അവൻ തന്നോടു കല്പിച്ചതിൽ ഒന്നും തന്റെ ആയുഷ്കാലത്തൊരിക്കലും വിട്ടുമാറീട്ടില്ല" (1 രാജാ. 15:5) എന്നിങ്ങനെ തിരുവെഴുത്ത് ദാവീദിനെ കുറിച്ച് സാക്ഷി പറയുന്നു.

പ്രിയ കുഞ്ഞുങ്ങളെ, "പ്രവൃത്തിയിൽ സാമർഥ്യമുള്ള പുരുഷനെ നീ കാണുന്നുവോ? അവൻ രാജാക്കന്മാരുടെ മുമ്പിൽ നില്ക്കും; നീചന്മാരുടെ മുമ്പിൽ അവൻ നില്ക്കയില്ല" (സദൃശ്യ. 22:29) എന്ന വചനപ്രകാരം, ജാഗ്രതയോടെ ഇരിക്കേണ്ട കാര്യങ്ങളിൽ



ജാഗ്രതയോടെ ഇരിക്കുക. കർത്താവ് നിങ്ങളുടെ മേൽ വച്ചിരിക്കുന്ന വിശ്വാസത്തെ ഒരുനാളും നശിപ്പിച്ചു കളയരുത്. ജോലി ചെയ്യേണ്ട സമയത്ത് ജോലി ചെയ്യുക, കളിക്കേണ്ട സമയത്ത് കളിക്കുക **(work while you work and play while you play)** എന്ന പഴഞ്ചൊല്ല് പ്രകാരം പഠിക്കേണ്ട സമയത്ത് പഠിക്കുക, ഉറങ്ങേണ്ട സമയത്ത് ഉറങ്ങുക, രാത്രി മുഴുവൻ ഉണർന്നിരുന്ന് മൊബൈലിൽ സമയം കളഞ്ഞ് മോശമായ സ്നേഹിതന്മാരോട് ബന്ധം വച്ച് ഫേസ്ബുക്ക്, വാട്സ്ആപ്പ് തുടങ്ങിയവയിലൂടെ ജീവിതം വ്യർത്ഥമാക്കി കളയരുത്.

**പ്രിയ യൗവനക്കാരെ, ദാവീദ് തന്റെ അശ്രദ്ധ നിമിത്തം കർത്താവിന്റെ കോപത്തിന് ഇരയായി തീർന്നത് പോലെ നിങ്ങളും കണ്ണിൽ കാണുന്നതെല്ലാം മോഹിച്ച്, പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ച് പ്രാപിച്ച അഭിഷേകവും , നല്ല അവസരങ്ങളും നഷ്ടപ്പെടുത്തി കളയരുത്.**

# നേപ്പന്തസ് (പോട്ട് പ്ലാന്റ് )

പ്രാണികളെ ഭക്ഷിക്കുന്ന ഒരു ചെടി (ഇരപിടിയൻ സസ്യം)



നേപ്പന്തസ് മനോഹരമായ ഒരു സസ്യമാണ്. ഇതിന് പോട്ട് പ്ലാന്റ് എന്ന മറ്റൊരു പേരുമുണ്ട്. ഇലയുടെ പ്രധാന സിരയിൽ നിന്ന് ഒരു നീണ്ട തണ്ട് വികസിക്കുകയും ഒരു ഭരണി പോലെ രൂപപ്പെടുകയും ചെയ്യുന്നു. ഭരണിയുടെ വായിൽ നിന്ന് മധുരമുള്ള ഒരു ദ്രാവകം ഒഴുകുന്നു. ഇതിന് ഒരു അടപ്പും ഉണ്ട്. മാത്രമല്ല, അതിന്റെ അടപ്പ് മനോഹരമായ ഒരു പുഷ്പം പോലെ കാണപ്പെടുന്നു. പ്രാണികൾ പൂവാണെന്ന് തെറ്റിദ്ധരിച്ച് ആ ഭരണിയുടെ വായയുടെ അടുത്ത് ഇരിക്കുമ്പോൾ തെന്നി അതിനുള്ളിലേക്ക് വീഴുന്നു. ഉടൻ തന്നെ ഭരണിയുടെ അടപ്പ് താനേ അടയുന്നു. കുടുങ്ങിയ പ്രാണികൾ നിമിഷനേരം കൊണ്ട് മരിക്കുകയും ചെയ്യുന്നു. അതിനുള്ളിലെ ദ്രാവകത്തിന് ദഹനശക്തിയുണ്ട്. അത് പ്രാണികളെ ദഹിപ്പിക്കുകയും ചെടിയുടെ പോഷകമാക്കി മാറ്റുകയും ചെയ്യുന്നു.

അതുപോലെ പാപവും ആദ്യം മനോഹരമായി കാണപ്പെടുന്നു. പിന്നീട് അതിനോട് ആകർഷിക്കുകയും, ഒടുവിൽ നാശത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

" പക്ഷി ജീവഹാനിക്കുള്ളതെന്നറിയാതെ കെണിയിലേക്കു ബദ്ധപ്പെടുന്നതുപോലെയും കരളിൽ അസ്ത്രം തറയ്ക്കുവോളം അവൻ അവളുടെ പിന്നാലെ ചെല്ലുന്നു" (സദൃശ്യവാക്യങ്ങൾ 7:23).

**യുവാക്കളേ, നിങ്ങൾ സാത്താന്റെ കെണിയിൽ ആകൃഷ്ടരായി വീഴാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ.**

## ആലോചനയിൽ വലിയവൻ!

# പാറയിലെ വെള്ളം

വേദപുസ്തകത്തിൽ ഇസ്രായേൽ ജനത്തിന് വിരോധമായി യുദ്ധങ്ങളും, പോരാട്ടങ്ങളും, ഞെരുക്കങ്ങളും വന്നപ്പോൾ അവർക്കായി കർത്താവ് സ്വീകരിച്ച തന്ത്രങ്ങളെ കുറിച്ച് ആലോചനയിൽ വലിയവൻ എന്ന ഈ പംക്തിയിലൂടെ നാം വായിച്ചുവരുന്നു. ഈ മാസം, ഇസ്രായേൽ ജനങ്ങൾ കുടിക്കുവാൻ വെള്ളമില്ലാതെ ഞെരുക്കത്തിൽ ആയിരുന്നപ്പോൾ ആലോചനയിൽ വലിയവനായ കർത്താവ് മോശയ്ക്ക് നൽകിയ ആലോചന നിമിത്തം സംഭവിച്ച അത്ഭുതത്തെക്കുറിച്ച് കാണുവാൻ പോകുന്നു.

യഹോവ ഇസ്രായേലിനെ ഈജിപ്തിൽ നിന്നും വിളിച്ചുകൊണ്ടുവന്നത് മുതൽ അസംഖ്യം അത്ഭുതങ്ങൾ അവർക്കായി ചെയ്തു. അതിൽ ചെങ്കടൽ വിഭജിച്ച് അക്കരെ കടത്തിയതും, മാറയിലെ വെള്ളം മധുരമാക്കിയത്, ആകാശത്തിൽ നിന്ന് മന്ന പൊഴിഞ്ഞത് തുടങ്ങിയവ ഏറെ ശ്രദ്ധേയമാണ്. ഇവയ്ക്ക് ശേഷം പുറപ്പാട് പതിനേഴാം അദ്ധ്യായത്തിൽ, കർത്താവിന്റെ വചനപ്രകാരം ഇസ്രായേല്യർ സീൻ മരുഭൂമിയിലൂടെ പുറപ്പെട്ട് രെഫീദീമിൽ കൂടാരമടിച്ചു. ദീർഘദൂരം യാത്ര ചെയ്ത് ക്ഷീണിച്ചു വന്നവർക്ക് തങ്ങളുടെ ദാഹം ശമിപ്പിക്കുവാൻ അവിടെ കുടിവെള്ളം ഇല്ലായിരുന്നു. ഇതിനാൽ ഇസ്രായേൽ ജനം വളരെയധികം കോപിച്ച് മോശയ്ക്ക് വിരോധമായി പിറുപിറുത്ത് വാഗ്വാദം ചെയ്തു. അപ്പോൾ മോശെ കർത്താവിനെ നോക്കി, "കർത്താവേ, വെള്ളം ഇല്ലാത്തതുകൊണ്ട് ഈ ജനങ്ങൾ എന്നെ കല്ലെറിവാൻ പോകുന്നു" എന്ന് നിലവിളിച്ചു (പുറ. 17:4).

അപ്പോൾ കർത്താവ്, ഇസ്രായേല്യരുടെ ഈ ഞെരുക്കം ഏറിയ സാഹചര്യത്തെയും, മോശെയുടെ ദുരിതപൂർണ്ണമായ സാഹചര്യത്തെയും ഇല്ലാതാക്കുവാൻ ഒരു മികച്ച ആലോചന നൽകി വഴി നടത്തി. അതെന്തെന്നാൽ, "യിസ്രായേൽ മൂപ്പന്മാരിൽ ചിലരെ കൂട്ടിക്കൊണ്ടു നീ നദിയെ അടിച്ച വടിയും കൈയിൽ എടുത്തു ജനത്തിന്റെ മുമ്പാകെ കടന്നുപോക. ഞാൻ ഹോറേബിൽ നിന്റെ മുമ്പാകെ പാറയുടെ മേൽ നില്ക്കും; നീ ആ പാറയെ അടിക്കേണം; ഉടനെ ജനത്തിനു കുടിപ്പാൻ വെള്ളം അതിൽ നിന്നു പുറപ്പെടും എന്ന് കല്പിച്ചു" (പുറ. 17:5,6). യഹോവ കല്പിച്ചത് പോലെ തന്നോടൊപ്പം കൂട്ടിക്കൊണ്ട് നൈൽ നദിയെ അടിച്ച വടിയും കൈയിൽ പിടിച്ചുകൊണ്ട് ഹോറേബിലുള്ള പാറയുടെ അടുക്കൽ ചെന്ന് , അവിടെ കർത്താവ് അറിയിച്ച പോലെ യിസ്രായേൽ മൂപ്പന്മാരുടെ മുമ്പിൽ വച്ച് തന്റെ കൈയിലിരുന്ന വടികൊണ്ട് പാറയെ അടിച്ചു. അപ്പോൾ പാറ പിളർന്ന് ധാരാളം വെള്ളം പുറപ്പെട്ടുവന്നു. അതിനാൽ ഇസ്രായേൽ ജനങ്ങൾ തങ്ങളുടെ ദാഹം ശമിപ്പിച്ചു.

**പ്രിയമുള്ള യൗവനക്കാരെ, ഞെരുക്കത്തിന്റെ മദ്ധ്യേ, പോരാട്ടത്തിന്റെ മദ്ധ്യേ നിങ്ങൾ ആയിരിക്കുമ്പോൾ ഇസ്രായേൽ ജനത്തെ പോലെ പിറുപിറുക്കാതെ, മനുഷ്യരോട് വാഗ്വാദം ചെയ്യാതെ, മോശെയെ പോലെ, ഇത്രത്തോളം നിങ്ങളെ അത്ഭുതമായി നടത്തിയ കർത്താവിനോട് വിളിച്ചപേക്ഷിക്കുക. കർത്താവ് നമ്മുടെ ശാശ്വത പാറയാകുന്നു. കർത്താവ് തന്നെയാകുന്നു നമുക്ക് സഹായം തരുന്നവൻ. കർത്താവിൽ നിന്ന് നമുക്ക് സകല വിധ അനുഗ്രഹങ്ങളും ലഭിക്കും. ശാശ്വത പാറയായ കർത്താവിനെ നോക്കുക. നിങ്ങളുടെ സകല ആവശ്യങ്ങളും നിവർത്തിക്കപ്പെടും.**





## നയമാന്റെ കോപത്തിന് കാരണമെന്താണ്?

## എന്തായിരുന്നു ഫലം?

# നയമാന്റെ കോപം

## കോപത്തിന്റെ കാരണം:

കുഷ്ഠരോഗത്താൽ ബാധിക്കപ്പെട്ടവനായിരുന്നു നയമാൻ. അവന്റെ വീട്ടിൽ വേല ചെയ്തിരുന്ന ഒരു ബാലികയുടെ വിശ്വാസത്താൽ നയമാൻ ദീർഘദൂരം യാത്ര ചെയ്ത്, ധാരാളം ഉപഹാരങ്ങളുമായി എലീശാ പ്രവാചകനെ കാണുവാൻ ചെന്നു. എലീശ് പുറത്തുവന്ന് തന്നെ സ്വീകരിക്കും എന്ന് പ്രതീക്ഷിച്ച നയമാൻ നിരാശനായി. എന്തെന്നാൽ, എലീശാ പുറത്ത് വരാതെ തന്റെ വേലക്കാരനെ അയച്ച്, നീ പോയി യോർദ്ദാൻ നദിയിൽ ഏഴ് തവണ മുങ്ങുക, എന്നാൽ നിനക്ക് സൗഖ്യം ഉണ്ടാകും എന്ന് എലീശാ പറഞ്ഞയച്ചതായി വേലക്കാരൻ പറഞ്ഞു. ഇത് കേട്ടതും നയമാൻ വളരെ കോപിഷ്ഠനായി.

## അനന്തരഫലം:

നയമാൻ അതിയായ കോപത്തോടെ തിരിച്ചുപോകുവാൻ ചിന്തിച്ചപ്പോൾ അവന്റെ വേലക്കാർ സ്നേഹത്തോടെ സംസാരിച്ച് സമാധാനപ്പെടുത്തിയതുകൊണ്ട് ഏഴു പ്രാവശ്യം മുങ്ങി എഴുന്നേൽക്കുകയും പൂർണ്ണ സൗഖ്യം പ്രാപിക്കുകയും ചെയ്തു. ഇത് കണ്ട അവനും അവന്റെ സഹായികളും ആനന്ദം കൊണ്ട് ആർത്തുവിളിച്ചു. എല്ലാവരും അവന്റെ ശരീരത്തിലുണ്ടായ മാറ്റം മാത്രമാണ് കണ്ടത്. എന്നാൽ സത്യം എന്തെന്നാൽ, തന്റെ ഹൃദയത്തിലുണ്ടായ രൂപാന്തരമാണ് വലുത്. അതെ, ദൈവത്തെ സ്വീകരിച്ച് രക്ഷ കരസ്ഥമാക്കി. എലീശായുടെ അടുക്കൽ മടങ്ങിവന്ന് "യിസ്രായേലിൽ അല്ലാതെ ഭൂമിയിൽ എങ്ങും ഒരു ദൈവം ഇല്ല എന്നു ഞാൻ ഇപ്പോൾ അറിയുന്നു" (2 രാജാ.5:7) എന്ന് താൻ പ്രാപിച്ച രക്ഷയെ പ്രഖ്യാപിച്ചു. ഒരുപക്ഷേ നയമാൻ തനിക്കുണ്ടായ കോപത്തിൽ തിരിച്ചു പോയിരുന്നുവെങ്കിൽ, ജീവിതകാലം മുഴുവനും കുഷ്ഠരോഗിയായി ജീവിക്കേണ്ടി വന്നേനെ. അവന്റെ വേലക്കാർ അവനെപ്പോലെ കോപിഷ്ഠനാകാതെ, ശാന്തമായി അവനെ കാര്യങ്ങൾ ബോധിപ്പിച്ചു. ശാന്തത നന്മ കൊണ്ടുവരും. കോപം നഷ്ടം ഉണ്ടാക്കും. കോപം ഒരു യഥാർത്ഥ വിശ്വാസിക്ക് ഭൂഷണമല്ല. ശാന്തതയും സ്വസ്ഥതയുമാണ് അവന്റെ സൗന്ദര്യം.

**നിങ്ങൾ "കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ" (എഫെസ്യർ 4:26).**



# Coffee with ലേഖകൻ

# 12 വർഷം രക്തസ്രാവം ഉണ്ടായിരുന്ന സ്ത്രീ



വിശുദ്ധ വേദപുസ്തകത്തിൽ പേര് രേഖപ്പെടുത്താതെ തന്റെ പ്രവർത്തികളാൽ അറിയപ്പെട്ടവർ അനേകർ. അവർക്കുള്ളിൽ തന്നെ ആക്രമിച്ച രോഗത്തിന്റെ പേരിലും, അത് നിമിത്തം വേദന അനുഭവിച്ച വർഷങ്ങളുടെ എണ്ണം നിമിത്തവും പ്രസിദ്ധയായി തീർന്ന ഒരു സ്ത്രീ ആകുന്നു രക്തസ്രാവക്കാരിയായ സ്ത്രീ.
ഇവൾ യേശുവിനെ നേരിൽ കാണുന്നതിന് മുമ്പേ തന്നേക്കുറിച്ച് കേട്ട കാര്യങ്ങൾ അങ്ങനെ തന്നെ വിശ്വസിച്ചു. ശരീരം ബലഹീനമായിരുന്നിട്ടും, വിശ്വാസത്തിൽ ഉറപ്പുള്ളവളായിരുന്നതുകൊണ്ട് മഹാ വിശ്വാസ വനിതയായി പുതിയ നിയമത്തിൽ പ്രത്യക്ഷപ്പെടുന്നു. ആദ്യ മൂന്ന് സുവിശേഷങ്ങളിലും ഇവരെക്കുറിച്ച് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ( മത്തായി 9:20-22, മർക്കൊസ് 5:25-34, ലൂക്കോസ് 8:43-48). ഈ വിശ്വാസ വനിതയുമായിട്ടുള്ള സംഭാഷണത്തിന്റെ സാങ്കൽപ്പിക പതിപ്പ് താഴെ കാണാം.

**ലേഖകൻ:** നമസ്കാരം!

**സഹോദരി രക്തസ്രാവക്കാരി:** നമസ്ക്കാരം സഹോദരാ!

**ലേഖകൻ:** നിങ്ങളെ കുറിച്ചുള്ള വിവരങ്ങൾ അല്പം പങ്കുവയ്ക്കാമോ?

**രക്തസ്രാവക്കാരി:** സഹോദരാ, ഞാൻ രക്തസ്രാവ രോഗത്താൽ ബാധിക്കപ്പെട്ടിരുന്നു. അനേകം വൈദ്യന്മാരെ സന്ദർശിച്ചു, എന്റെ വസ്തുവകകളെല്ലാം ചികിത്സയ്ക്കായി ചെലവഴിച്ചു. എന്നാൽ ആരെക്കൊണ്ടും എന്നെ സൗഖ്യമാക്കുവാൻ കഴിഞ്ഞില്ല. ഈ രോഗത്തിന്റെ കാഠിന്യം ഒന്നോ രണ്ടോ വർഷം മാത്രമല്ല, 12 വർഷങ്ങൾ നീണ്ടുനിന്നു. ഞാൻ കടന്നുവന്നതായ വഴികൾ വളരെയധികം പ്രയാസമേറിതായിരുന്നു.

**ലേഖകൻ:** നിങ്ങളുടെ സഹിഷ്ണുത പ്രശംസനീയമാണ്. ഒരു ചെറിയ തലവേദന വന്നാൽ പോലും മരിച്ചുപോകുന്നു എന്ന് പറയുന്നവരുടെ മദ്ധ്യേ വേദനയുമായി 12 വർഷം എങ്ങനെ തള്ളിനീക്കി?

**രക്തസ്രാവക്കാരി:** അയ്യോ! ഞാൻ അനുഭവിച്ച കഷ്ടപാടുകൾ അല്പസ്വൽപ്പമൊന്നുമല്ല. എന്റെ രോഗം നിമിത്തം ഞാൻ ആരെയും തൊടുവാൻ പാടില്ല, ആരും എന്നെയും തൊടുവാൻ പാടില്ല. മറിച്ച് തൊട്ടാൽ മലിനമായി പോകും. എന്തിന് ഞാൻ ഏതെങ്കിലും ഒരു വസ്തുവിനെ തൊട്ടാൽ അതും മലിനമാകും (ലേവ്യാ. 15:25-28). ആയതിനാൽ എനിക്ക് പ്രാർത്ഥനാലയത്തിലോ, യാതൊരു ഉത്സവങ്ങളിലേക്കോ, കുടുംബ ആഘോഷങ്ങളിലേക്കോ പോകുവാൻ കഴിയില്ല. എന്റെ വീട്ടിൽ നിന്ന് പുറത്ത് വരുവാൻ കഴിയുകയില്ല. രോഗത്തിന്റെ കാഠിന്യത്തേക്കാൾ ഒറ്റപ്പെടുത്തലാണ് എന്നെ ഏറ്റവുമധികം തകർത്തത്. ദിനവും സൗഖ്യം പ്രാപിക്കുവാൻ പലവിധത്തിൽ പരിശ്രമിച്ചിട്ടും പരാജയം മാത്രമാണ് ഉണ്ടായത്. കണ്ണുനീർ കണ്ണുനീർ ..... കണ്ണുനീരോടുകൂടിയാണ് ഓരോ നാളും ഞാൻ കടന്നുപോയത്.

**ലേഖകൻ:** കഷ്ടം ... ശരി! സൗഖ്യം പ്രാപിക്കുവാൻ 'യേശു' ആണ് വഴി എന്ന് എങ്ങനെയാണ് അറിഞ്ഞത്?

**രക്തസ്രാവക്കാരി:** യേശു കുഷ്ഠരോഗികളെ സൗഖ്യമാക്കിയതും, കുരുടന്മാർക്ക് കാഴ്ച നൽകിയതും, ചെകിടന്മാർക്ക് കേൾവി നൽകിയതും, സൗഖ്യമാക്കാൻ കഴിയാത്ത കഠിന രോഗങ്ങൾ സൗഖ്യമാക്കിയതും എന്റെ അയൽക്കാരും ബന്ധുക്കളും സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. അപ്പോഴാണ് എനിക്കും ജീവിക്കുവാൻ കഴിയും എന്ന വിശ്വാസം എന്റെയുള്ളിൽ ജനിച്ചത്. മാത്രമല്ല യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടവർക്ക് ഒക്കെയും സൗഖ്യം വന്നു (മർക്കൊസ് 6:56) എന്നുള്ളതും ഞാൻ കേട്ടറിയുകയും അത്ഭുതപ്പെടുകയും ചെയ്തു. ആയതുകൊണ്ട് രോഗികളെ സൗഖ്യമാക്കുന്ന ശക്തി യേശുവിന് ഉണ്ടെന്ന് വ്യക്തമായി തിരിച്ചറിഞ്ഞു. യേശുവിനെ എങ്ങനെയെങ്കിലും സന്ദർശിക്കണം, സൗഖ്യം പ്രാപിക്കണം എന്ന് എന്റെ മനസ്സിൽ തീരുമാനിച്ചു.

**ലേഖകൻ:** യേശുക്രിസ്തുവിനെ എങ്ങനെയാണ് സന്ദർശിച്ചത്? നിങ്ങളുടെ വീട്ടിലേക്ക് ക്ഷണിച്ചോ?



**രക്തസ്രാവക്കാരി:** യേശുവിനെ എങ്ങനെയെങ്കിലും സന്ദർശിക്കണം എന്ന് എന്റെ ഹൃദയം ദാഹിച്ചുകൊണ്ടിരുന്നു. എന്നാൽ ഞാൻ തൊട്ടുകൂടാത്തവളും സമൂഹത്താൽ ഉപേക്ഷിക്കപ്പെട്ടവളും ആയിരുന്നു. അതുകൊണ്ട് എന്റെ വീട്ടിലേക്ക് യേശു വരുമോ എന്ന് എന്റെ ഉള്ളിൽ ഒരു ചോദ്യം ഉയർന്നുകൊണ്ടിരുന്നു. അഥവാ യേശു വന്നാലും, ജനങ്ങൾ അനുവദിക്കുകയില്ല. ശബ്ബത്ത് ദിവസം കൂനിയായിരുന്ന സ്ത്രീയെ സൗഖ്യമാക്കിയത് കൊണ്ട് പാരമ്പര്യങ്ങൾ ലംഘിച്ചു എന്ന് യേശുവിനോട് വാഗ്വാദം ചെയ്ത പള്ളിപ്രമാണികളെ പോലെ ആരെങ്കിലും യേശുവിനെ നിന്ദിച്ചാലോ? എന്നെക്കൊണ്ട് എന്തിനാണ് അത്രയും പേർക്ക് ഉപദ്രവം! എന്നിങ്ങനെ പലവിധത്തിൽ ഞാൻ ചിന്തിച്ചു. പൊതു സ്ഥലങ്ങളിൽ പോകുന്നത് നിരോധിക്കപ്പെട്ടവളായിരുന്നു ഞാൻ. ഒരുപക്ഷേ ആരെങ്കിലും എന്നെ കണ്ടുപിടിച്ചാൽ, എന്നെ കല്ലെറിയും എന്ന് ഭയപ്പെട്ടു. എന്നാൽ യേശുവിന്റെ ചുറ്റും എപ്പോഴും വലിയ പുരുഷാരം ഉണ്ടായിരുന്നു. അതുകൊണ്ട് ആരും അറിയാതെ പുരുഷാരത്തിന്റെ തിക്കിലും തിരക്കിനും ഇടയിലൂടെ ചെന്ന് യേശുവിന്റെ വസ്ത്രത്തിൽ മാത്രം തൊട്ടിട്ട് തിരിച്ചുവരണം എന്ന് തീരുമാനിച്ചു.

**ലേഖകൻ:** നിങ്ങളുടെ ചിന്താശക്തി അപാരം! പിന്നീട് എന്താണ് നടന്നത്?

**രക്തസ്രാവക്കാരി:** എന്റെ തീരുമാനപ്രകാരം എല്ലാം മനോഹരമായി നടന്നു. ഞാൻ പ്രതീക്ഷിച്ചത് പോലെ യേശുക്രിസ്തുവിന്റെ വസ്ത്രം തൊട്ടയുടൻ തന്നിലുണ്ടായിരുന്ന ശക്തി നിമിത്തം, എന്റെ ശരീരത്തിൽ നിന്നുള്ള രക്തസ്രാവം പിടിച്ചുകെട്ടിയതുപോലെ നിന്നുപോയി. ഞാൻ സൗഖ്യം പ്രാപിച്ചു. എനിക്കുണ്ടായ സന്തോഷത്തിന് അതിരില്ലായിരുന്നു. തുള്ളിച്ചാടണം എന്നുണ്ടായിരുന്നു. എന്നാൽ എന്റെ രോഗം എല്ലാവർക്കും അറിയാം എന്നുള്ളതുകൊണ്ട്, എനിക്ക് തന്നെയാണ് അപമാനം എന്ന് ഭയപ്പെട്ട് എന്നെ നിയന്ത്രിച്ചു. ആ സ്ഥലത്തുനിന്ന് ആരുമറിയാതെ മാറിപ്പോകുവാൻ പരിശ്രമിക്കുമ്പോൾ, യേശുക്രിസ്തു എന്റെ വസ്ത്രത്തെ തൊട്ടത് ആരാണ് എന്നൊരു ചോദ്യം ചോദിച്ചു. അത്രതന്നെ! എന്റെ ഉള്ളം നടുങ്ങിപ്പോയി. ഞാൻ കർത്താവിന്റെ മുമ്പിൽ വീണ് നടന്നതെല്ലാം പറഞ്ഞു. പിന്നീട് യേശു എന്നെ നോക്കി, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു, സമാധാനത്തോടെ പോക രോഗം നീങ്ങി സ്വസ്ഥമായിരിക്ക എന്നു പറഞ്ഞു. അതിനുശേഷമാണ് എന്റെ ഉള്ളത്തിൽ ആശ്വാസവും, സമാധാനവും, സന്തോഷവും നിറഞ്ഞത്. യേശുവിനെ സന്ദർശിച്ച ശേഷമാണ് എന്റെ കണ്ണുനീരിന്റെ ജീവിതം ആനന്ദത്തിന്റെ ജീവിതമായി മാറിയത്.

രക്തസ്രാവക്കാരി: നന്ദി വിട പറയുന്നു.

**ലേഖകൻ:** വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു! താൻ സൗഖ്യം പ്രാപിക്കുന്നതിന് മുമ്പേ യേശുവിനെ കുറിച്ച് കേൾവിപെട്ടതുപോലെ വിശ്വസിച്ചു. അതിനാൽ സ്വീകരിച്ച ദൈവീക സൗഖ്യം രോഗം വന്നുപോയി എന്ന അധമ മനോഭാവം തന്നെ കീഴ്പ്പെടുത്തുവാൻ അനുവദിക്കാതെ, പരാജയത്തെ കീഴ്പ്പെടുത്തിയ ധീര മനോഭാവം! പല വൈദ്യന്മാരെ കണ്ടിട്ടും സൗഖ്യം ഉണ്ടായില്ല എന്നുവച്ച് മടുത്തുപോകാതെ, സൗഖ്യം ലഭിക്കുന്നതുവരെ അശ്രാന്ത പരിശ്രമം ചെയ്ത, 12 വർഷം രക്തസ്രാവക്കാരി ആയിരുന്ന ഈ സ്ത്രീയിൽ നിന്ന് നാം പഠിക്കേണ്ടത് ആവശ്യമത്രേ!

**പ്രിയ യൗവനക്കാരെ, ആരോ ഒരു വ്യക്തി യേശുവിനെക്കുറിച്ച് പറഞ്ഞ സാക്ഷ്യം ഒരു രക്തസ്രാവക്കാരിയായ സ്ത്രീയുടെ ജീവിതത്തിൽ വലിയ അത്ഭുതം നടക്കുവാൻ കാരണമായിതീർന്നു. നിങ്ങളും യേശു നിങ്ങളുടെ ജീവിതത്തിൽ ചെയ്ത നന്മകളെ നിങ്ങളുടെ സ്നേഹിതന്മാരോട് പങ്കിടുമ്പോൾ നിശ്ചയമായും അത് വലിയ ഫലം നൽകും.**

# പത് മൊസ് ദ്വീപ്



പ്രിയപ്പെട്ട യൗവനക്കാരെ! ബൈബിൾ ദേശങ്ങൾ എന്ന തലകെട്ടിൽ ഓരോ മാസവും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ചില ദേശങ്ങളെയും, അതിന്റെ പ്രത്യേകതകൾ നിറഞ്ഞ പട്ടണങ്ങളെയും കുറിച്ച് രസകരമായ വിവരങ്ങൾ വായിച്ച് അറിഞ്ഞു വരുന്നു.

നാം കഴിഞ്ഞ മാസങ്ങളിൽ കണ്ടതായ ദേശങ്ങൾ പോലെ, ഈ സ്ഥലം പ്രശസ്തമല്ലെങ്കിലും വേദപുസ്തകത്തെ സ്നേഹിക്കുന്ന ഓരോരുത്തർക്കും ഇത് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. അതെ, അത് തന്നെയാണ് "പത് മൊസ് ദ്വീപ്".

പത് മൊസ് ദ്വീപ് ഈജിയൻ സമുദ്രത്തിലുള്ള ഒരു ഗ്രീക്ക് ദ്വീപാകുന്നു. ഇത് ഡോസൊനീസ് സമുച്ചയത്തിന്റെ വടക്കേ അറ്റത്തുള്ള ദ്വീപുകളിൽ ഒന്നാകുന്നു.

◂ യേശുവിന്റെ ശിഷ്യന്മാരിൽ ഒരാളായ അപ്പൊസ്തലനായ യോഹന്നാൻ ക്രിസ്തുവിനെ പ്രസംഗിച്ചതുകൊണ്ട് പലവിധത്തിൽ ഉപദ്രവിക്കപ്പെട്ടു. അതിനുശേഷം അദ്ദേഹത്തിന് മരണ ശിക്ഷ നൽകേണ്ടതിന് പകരമായി ഈ പത് മൊസ് എന്ന ദ്വീപിലേക്ക് നാടുകടത്തപ്പെട്ടു.

◂ ജീവിതം അവസാനിച്ചു എന്ന് ചിന്തിച്ച സ്ഥാനത്ത് നിന്ന് , വേദപുസ്തകത്തിന്റെ അവസാന പുസ്തകമായ വെളിപ്പാട് പുസ്തകത്തിലെ ദൂതുകൾ അദ്ദേഹത്തിന് ലഭിച്ചു.

**"നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത് മൊസ് എന്ന ദ്വീപിൽ ആയിരുന്നു". (വെളിപ്പാട് 1:9)**

## സവിശേഷതകൾ

◂ ഗ്രീക്കിലുള്ള ഈ പത് മൊസ് ദ്വീപ് ലോകത്തിലെ പ്രധാനപ്പെട്ട പുണ്യ സ്ഥലങ്ങളിൽ ഒന്നാകുന്നു.

◂ ഇത് പ്രകൃതി സൗന്ദര്യം നിറഞ്ഞ ഒരു സ്ഥലമാകുന്നു, രസകരമായ നിരവധി സ്ഥലങ്ങളും ഇവിടെയുണ്ട്.

◂ ദി അപോക്കലിപ്സ് ഗുഹ (THE CAVE OF THE THE APOCALYPSE) അതിൽ എടുത്തു പറയേണ്ട ഒന്നാകുന്നു.

◂ ഈ ഗുഹയിൽ വച്ചാണ് യോഹന്നാന് വലിയ വെളിപ്പാടുകൾ ലഭിച്ചത്.

◂ കൂടാതെ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ യുനെസ്കോ (UNESCO) ഇതിനെ ഒരു ലോക പൈതൃത സൈറ്റായി പ്രഖ്യാപിച്ചിട്ടുണ്ട്.

**പ്രിയ യൗവനക്കാരെ! അന്ന് ശുശ്രൂഷയും ജീവിതവും അവസാനിച്ചു എന്ന ഘട്ടത്തിൽ എത്തി നിന്ന യോഹന്നാന് കർത്താവ് നൽകിയ ദർശനങ്ങൾ മറ്റാർക്കും ലഭിക്കാത്ത നിക്ഷേപമാകുന്നു. ഇന്ന് നിന്റെ ജീവിതം അവസാനിച്ചു എന്ന് നീ ചിന്തിക്കുന്നുവോ? ധൈര്യപ്പെടുക! യോഹന്നാനെ അത്ഭുതകരമായി നടത്തിയ കർത്താവ് നിന്നെയും അതിശയമായി നടത്തും!**

